2018-19

യു. സി കോളേജ് മാഗസിൻ 2019



"ആദ്യമവർ ജൂതരെ തേടി വന്നു ഞാൻ മിണ്ടിയില്ല
കാരണം ഞാൻ ജൂതനായിരുന്നില്ല
പിന്നീടവർ കമ്മ്യൂണിസ്റ്റുകാരെ തേടി വന്നു ഞാൻ അനങ്ങിയില്ല
കാരണം ഞാൻ കമ്മ്യൂണിസ്റ്റായിരുന്നില്ല
പിന്നീടവർ തൊഴിലാളി നേതാക്കളെ തേടി വന്നു ഞാൻ മൗനം പാലിച്ചു
കാരണം ഞാൻ തൊഴിലാളി നേതാവുമായിരുന്നില്ല
ഒടുവിൽ അവർ എന്നെ തേടി വന്നു
അപ്പോൾ എനിക്ക് വേണ്ടി സംസാരിക്കുവാൻ ആരും ബാക്കിയുണ്ടായിരുന്നില്ല."

**മാർട്ടിൻ നിമോളാർ**

| | |
|---|---|
| ചീഫ് എഡിറ്റർ: | ഡോ: ഡേവിഡ് സജ് മാത്യു പി |
| സ്റ്റാഫ് എഡിറ്റർ: | വി.പി മാർക്കോസ് |
| സ്റ്റുഡന്റ് എഡിറ്റർ: | സിദ്ധാർത്ഥ് മാധവ് |
| സബ് എഡിറ്റേഴ്സ്: | കിരൺ തങ്കച്ചൻ, അനീസ് കെ.എ |
| വര: | സാഗർ ടി.എസ് |
| ഡിസൈനർ: | അനുരാഗ് പുഷ്കരൻ |
| പ്രിന്റിംഗ്: | എസ്.എൻ പ്രസ് ആലുവ |
| എഡിറ്റോറിയൽ കമ്മിറ്റി: | ലയ ജിമ്മി, ഹൃതിക കോമത്ത് |
| | മിലീന സാജു |

**Article 51 A(h)**
**of indian Constitution-Fundamental duties:**

**ശാസ്ത്ര അഭിരുചിയും മാനവികതയും**
**അന്വേഷണത്വരയും പരീക്ഷണ ബോധവും**
**വളർത്തുക എന്നത്**
**ഇന്ത്യയിലെ ഏതൊരു പൗരന്റേയും കടമയാണ് .**

ഓർമ്മകളിൽ...



പ്രിയ കൂട്ടുകാരി മിഥുന ശിവൻ





കോക്കാച്ചിയെ ഭയന്ന്
ഉരുളകൾ അകത്താക്കിയ ഒരു കൂട്ടം
കുട്ടികൾ ചേർന്നൊരു ലോകമുണ്ടാക്കി.

കുട്ടികൾ അമ്മ പറഞ്ഞ കഥയിലെ കോക്കാച്ചിയെ ഭയന്നു.
അമ്മ നിരന്തരം വിലക്കയറ്റം സൃഷ്ടിക്കുന്ന ഭരണവർഗ്ഗത്തെ ഭയന്നു.
ഭരണവർഗ്ഗമാവട്ടെ ചില ദൈവങ്ങളെ ഭയന്നു.
പക്ഷെ എന്നും ചില ദൈവങ്ങൾക്ക് ആർത്തവത്തെ ഭയമായിരുന്നു.

ഭയങ്ങൾ തമ്മിൽ കൂട്ട് കൂടി.പ്രണയിച്ചു. രമിച്ചു.
ഭയങ്ങൾ പെറ്റുപെരുകി.
ഇന്ന് ലോകം ഭരിക്കുന്ന
ഒരു ഫാസിസ്റ്റ് ഭരണാധികാരിയാണ്

**ഭയം.**


അങ്ങനെ റൂമിൽ വെള്ളം കേറി തുടങ്ങുവാണ്.
ഭയം കാലിന്റെ ചെറുവിരൽ മുതൽ മെഡുല്ല ഒബ്ലാംഗട്ട വരെ
തരിച്ചു കയറികൂടുതൽ ശ്രമങ്ങൾക്ക് മുതിരാതെ മരണത്തിന്
കീഴടങ്ങാം. മരണമിങ്ങനെ മുന്നിൽ വന്ന് നിൽക്കുമ്പോൾ
എന്തേലും എഴുതിയേക്കാം എന്ന് വിചാരിച്ചു.
എന്താ ഇപ്പൊ എഴുതുവാ....




പതിവ് തെറ്റിക്കാതെ ആദ്യം ചിന്തയിലേക്ക് ചാടി കയറിയത് അച്ഛനാണ്.
ഭയപ്പെടുന്ന ഏതൊരു നിമിഷത്തെയും പോലെ ഈ നിമിഷവും
ആ ദിവസത്തിന്റെ ഓർമ്മകളിലേക്ക് പോയി.
അന്ന് കാവിൽ തെയ്യമുണ്ടായിരുന്നു.


അച്ഛൻ- നീ തെയ്യം കാണാൻ വരുന്നില്ലേ ?
ഞാൻ- ഇല്ല.
അച്ഛൻ- അതെന്തേ ?
ഞാൻ-അച്ഛാ എനിക്ക് ഇരുട്ട് പേടിയാണ്, ഇരുട്ടിലൂടുള്ള നടത്തം പേടിയാണ്, കാവ് പേടിയാണ്, തെയ്യം അതിലേറെ പേടിയാണ്.
അച്ഛൻ- ചെറുപ്പത്തിൽ ഇതിലും പേടിയായിരുന്നു അച്ഛന്. പക്ഷെ നമ്മൾ ഒരു വട്ടം തെയ്യം കാണുവാൻ ധൈര്യം കാണിച്ചാൽ തെയ്യം നമ്മെ അനുഗ്രഹിക്കും. അതോടെ നാം ഭയത്തിൽ നിന്നും മുക്തരാവും.



അങ്ങനെ അച്ഛന്റെ തോളിലിരുന്ന്
വയലിലൂടെ ഇരുട്ടിൽ ഞാൻ മിന്നി തേടി
കാവിനെ ലക്ഷ്യമാക്കി നീങ്ങി.




കാവിൽ തെയ്യം ചായം പുരട്ടി കഴിഞ്ഞിരുന്നു.ആകാംഷയോടെ നിന്ന
ജനങ്ങളുടെ ഇടയിൽ തെയ്യം ആടി തുടങ്ങി.ഭയം പതിയ
ആൾക്കൂട്ടത്തിനിടയിൽ ഒരു വേട്ടക്കാരനെ പോലെ അലയുവാൻ ആരംഭിച്ചു.





# അയ്യോ എന്റപ്പാ

അച്ഛനും ആങ്ങളമാരും
അമ്മാവനും കാമുകനും
കൊല്ലന്തോറും കാണുന്ന നിങ്ങളെ
ഒന്ന് കാണാനാഗ്രഹിച്ചു
എന്റപ്പാ...

നിങ്ങളുടെ പേരെഴുതിയൊരു നെയ് തേങ്ങാ
വന്നു നെറുകം  തലയിൽ അടിച്ചത് മാത്രം
ഓർമ്മയുണ്ട്.

അയ്യോ എന്റപ്പാ...






വിദ്യാർത്ഥികൾക്ക് അത്യാവശ്യം
ഫ്രീഡം കൊടുക്കുന്ന ഒരു മോഡേൺ
ക്യാംപസാണ് ഞങ്ങളുടേത്

# Brief history of ഭയം

ഹൃതിക കോമത്ത്
മലയാളം ബിരുദം

**"ആദ്യമുണ്ടായത് സമയമാണ്. ആദ്യമേ ഉണ്ടായത് കൊണ്ടാവും ഇന്ന് പലർക്കും സമയം തികയാതെ പോവുന്നത്."**

പണ്ട് പണ്ട് പണ്ട്
ഒരു വലിയ പൊട്ടിത്തെറി തുടങ്ങി. അമ്പോ, കേട്ടാൽ തന്നെ ഭയന്ന് പോവും. പക്ഷേ കേൾക്കാൻ ആരെങ്കിലുമുണ്ടെങ്കിലല്ലേ ഭയക്കൂ. എല്ലാമുണ്ടാകുവാൻ പോകുന്നേ ഉണ്ടായുള്ളൂ.ആദ്യമുണ്ടായത് സമയമാണ്. ആദ്യമേ ഉണ്ടായത് കൊണ്ടാവും ഇന്ന് പലർക്കും സമയം തികയാതെ പോവുന്നത്. എന്തായാലും അന്ന് വേണ്ടുവോളം സമയമുണ്ടായി,എല്ലാം പതിയെ സമയമെടുത്തു നീങ്ങി.

അങ്ങനെ ഇരിക്കുമ്പോൾ വെള്ളത്തിനടിയിൽ ഒരനക്കം, ജീവനുണ്ടായി. വെള്ളം പിന്നെ അനക്കം നിർത്തിയിട്ടില്ല. പിന്നീടൊരിക്കൽ വെള്ളം മാത്രമല്ല പ്രപഞ്ചമാകെയനങ്ങി, ബുദ്ധിയുണ്ടായി.എന്നാൽ ബുദ്ധിക്ക് അത്രയങ്ങോട് ശ്രദ്ധ കിട്ടാതെ വളർന്ന ഒരു കൂടെപിറപ്പ്, ഭയം. അവർ ഇരട്ടകളാണ്. ബുദ്ധി ഭക്ഷണം തേടിയത് കൊണ്ട് വിശന്ന്

ചാവുമോ എന്ന ഭയമുണ്ടായതാണോ അതോ വിശന്ന് ചാവുമോ എന്ന ഭയം മൂത്ത് ബുദ്ധി ഭക്ഷണം തേടിയതാണോ എന്നറിയില്ല. പക്ഷെ ആദ്യ ചിന്തകളും ഭയങ്ങളും ഭക്ഷണത്തേയും വെള്ളത്തേയും സംബന്ധിച്ചത് ആയിരിക്കണം.

സൂര്യൻ കിഴക്ക് നിന്ന് പടിഞ്ഞാറേക്കുള്ള ഓട്ടം നിർത്താൻ ഒരു ഉദ്ദേശവുമുണ്ടായിരുന്നില്ല. ഒരു പക്ഷെ നെട്ടോട്ടത്തിൽ സൂര്യന് ഒരു കൂട്ടിനായാവും മനുഷ്യൻ അവതരിച്ചത്. അവതരിച്ച കഥ പറഞ്ഞു ചിരിപ്പിക്കുന്നില്ല, പക്ഷേ ഒരിക്കൽ പരിണാമം മനുഷ്യനിലെത്തി.അത് വരെയുണ്ടായിരുന്ന ഈ ഭൂമിയിൽ മനുഷ്യൻ പേടിച്ചത്ര പേടിയൊന്നും ഒരു ജീവിയും പേടിച്ചിട്ടുണ്ടാവില്ല. വെള്ളം, ജലം, ശത്രു, സ്ഥലം, ഇണ എല്ലാം മനുഷ്യഭയത്തിന് കാരണമായി. ഇനി ഭൂമിയിൽ മൊത്തമായുള്ള സാധനങ്ങളോടുള്ള ഭയം വോൾസെയിലായി എടുത്ത മനുഷ്യൻ ചിന്തയിൽ പുതിയ ഭയം മെനഞ്ഞു.അങ്ങനെ ഒരിക്കൽ ദൈവഭയമുണ്ടായി, അതൊരു അലങ്കാരമായി. നാല് കാലിൽ നിന്നും രണ്ട് കാലിലേക്ക് വളർന്ന മനുഷ്യൻ രാജ്യങ്ങളും അതിർത്തികളും സൃഷ്ടിച്ചു.മനുഷ്യൻ പതിയെ മനുഷ്യനെ തന്നെ ഭയക്കാൻ തുടങ്ങി.





## ഓരോ ദിനവും പുതിയ ഭയങ്ങൾ ജനിച്ചു. എന്തിനേറെ പറയുന്നു ഒരു മനുഷ്യൻ വേറെ മനുഷ്യനെ തൊടുന്നത് വരെ ഭയക്കുന്നവർ ഉണ്ടായിരുന്നു

ഇതിനിടയിൽ വിപണിയിൽ പലതരം ദൈവ ഭയങ്ങൾ ലഭ്യമായി തുടങ്ങി. ഒരോ മോഡലിന്റെയും ഉടമസ്ഥർ മറ്റു മോഡലുകളുടെ മാർക്കറ്റ് വില വർധനവ് ഭയന്നു.ഇടക്കെവിടെയോ ലോകം ഹിറ്റ്ലറിനേയും ബാറ്റിസ്റ്റയേയും ഭയന്നു.യുദ്ധങ്ങൾ ഭയന്നു,രോഗങ്ങൾ ഭയന്നു.മനുഷ്യൻ എങ്ങനെയുണ്ടായി എന്ന് മനുഷ്യരോട് തുറന്ന് പറയാൻ ഡാർവിന് വരെ ആദ്യം ഭയമായിരുന്നു, കാരണമോ മനുഷ്യർ തന്നെ.
ഓരോ ദിനവും പുതിയ ഭയങ്ങൾ ജനിച്ചു. എന്തിനേറെ പറയുന്നു ഒരു മനുഷ്യൻ വേറെ മനുഷ്യനെ തൊടുന്നത് വരെ ഭയക്കുന്നവർ ഉണ്ടായിരുന്നു ഭൂമിയിൽ. (ഇന്നില്ലെന്ന് പറയുന്നില്ല)

ചിലർ ഭയം മൂത്ത് രഹസ്യങ്ങൾ സൃഷ്ടിച്ചു, രഹസ്യങ്ങൾ സൂക്ഷിക്കുന്നതിനായി ചിലർ കൊലകൾ നടത്തി. എത്രെയേറെ ശ്രമിച്ചിട്ടും കീഴടക്കാൻ കഴിയാത്ത കൊടുമുടി പോലെ



ഭയം നിലനിന്നു.

ഇന്ത്യൻ സാഹചര്യം രസകരമാണ്. കുറെ നാൾ ഈസ്റ്റ് ഇന്ത്യ കമ്പനിയും പിന്നീട് കുറെ നാൾ ബ്രിട്ടീഷ് സാമ്രാജ്യവും ഇന്ത്യക്കാരെ പേടിപ്പിച്ച് പീഡിപ്പിച്ചു. ആ ചങ്ങലകൾ പൊട്ടിച്ചെറിയാൻ സന്നദ്ധരായ ജനത സമരങ്ങൾ നയിച്ചു. ഭയന്ന് വിറച്ചു ഷൂസ് നക്കിയ ഒറ്റുകാർ അന്നുമുണ്ടായിരുന്നു. യുദ്ധവും സമരവും എല്ലാം കൂടി ലോകത്തിലെ അന്നത്തെ ഏറ്റവും വലിയ ശക്തിയായ സായിപ്പന്മാരെ വിറപ്പിച്ചു. അവരിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു.അസഹിഷ്ണുത മൂത്ത ഒരുവൻ രാജ്യപിതാവിന് നേരെ നിറയൊഴിച്ചു.

സൂര്യന്റെയോട്ടം നിൽക്കുന്ന ലക്ഷണം കണ്ടില്ല .ഇനി ആരെയെങ്കിലും പേടിച്ചോടുന്നതാണോ, എന്നാൽ ഈയോട്ടം നിൽക്കാനെ പോകുന്നില്ല. ഇന്ത്യയിൽ ആകമാനമെന്നോണം ജാതി വ്യവസ്ഥയുടെ വെറുപ്പും ഭീതിയും കേരളത്തിലെ ജനങ്ങളിലും തിരുകി കേറി. വ്യവസ്ഥക്കെതിരായി ഉയർന്ന ശബ്ദങ്ങളെ ഭരണകൂടം ഭയന്നു.പലരും കോടി പിടിക്കാൻ ഭയന്നു.കൊടികളെ തമ്പ്രാക്കന്മാർ ഭയന്നു.

**ഇന്ത്യയിൽ ആകമാനമെന്നോണം ജാതി വ്യവസ്ഥയുടെ വെറുപ്പും ഭീതിയും കേരളത്തിലെ ജനങ്ങളിലും തിരുകി കേറി**

ഭയപ്പെടുത്താൻ പുതിയ വാക്ക് ജനിച്ചു ആചാരം .ചിലർ വഴി നടക്കാൻ ഭയന്നു, ചിലർ അമ്പലത്തിൽ കയറാൻ ഭയന്നു,ചിലർ കുന്ന് കയറാൻ ഭയന്നു വിറച്ചു.ഭയക്കാത്തവരെ തെറി വിളിയും കൊലവിളിയുമായി വന്ന ഒരു കൂട്ടം ഭയപ്പെടുത്താൻ ശ്രമിച്ചു. എന്നിട്ടും ഭയക്കാത്ത വരെ ആ കൂട്ടം ഭയന്നു.

ഒടിവിലൊരു പ്രളയം വന്നു.ആ പഴയ ജൈവമായ ഭയങ്ങൾ തിരികെ വന്നു.വെള്ളം, ഭക്ഷണം,ഇടം എല്ലാം ഓർമ്മ വന്നു.ഭയമാണ് എന്തിനും അടിസ്ഥാനം.ഭയമാണ് എന്തിനേയും നയിക്കുന്നത്. ഭയമാണ് നമ്മെ ഭരിക്കുന്നത്.



ഭയം ഒഴിവാക്കുക അസാധ്യമാണ്.
പക്ഷെ എന്തിനെയെല്ലാം ഭയക്കണം എന്ന്
തീരുമാനിക്കുവാനാകും.
നീയെന്നാൽ നിന്റെ ഭയങ്ങളാവുന്നു.



# ഇത് വായിക്കരുത്

സന കെ.ആർ
സുവോളജി ബിരുദം

ഇവിടെയെഴുതാം നിനക്ക്.
ഇല്ല, ഞാനില്ല, ഭയമാണെനിക്ക്.

എഴുത്തിനെയാണോ?
വായിക്കപ്പെടുന്നതിനെ.

കറുപ്പിനെയാണോ?
വെള്ളപൂതച്ചവരെയാണ്.

സാത്താനെയാണോ?
വിശുദ്ധരെയും പാതിരിയെയും.

ഒറ്റപ്പെടലിനെയാണോ?
സംഘങ്ങളെയാണ്.

സമയത്തെയാണോ?
മേട്രനെയാണ്.

ജാതിമരത്തെയാണോ?
മനുഷ്യമൃഗങ്ങളെ.

പുരുഷനെയാണോ?
അവനിലെ ആസക്തിയെ.

സ്ത്രീയെയാണോ?
അവളുടെ കുലത്തെ.



യുദ്ധഭൂമിയെയാണോ?
അമ്പലങ്ങളെയും മസ്ജിദുകളേയും.

പ്രണയത്തെയാണോ?
നിരസിക്കുന്നതിനെയാണ്.

കശ്മീരികളെയാണോ?
രാജ്യസ്നേഹം ആടിക്കളിക്കുന്നവരെ.

ഇരുട്ടിനെയാണോ?
ഇനിയും കത്താത്ത വിളക്കുകളെയാണ്.

ചൊറിബാധിച്ചവരെയോ?
വംശവെറിയന്മാരെ.

മരണത്തെയാണോ?
ദയാവധത്തെയാണ്.

ഇന്നിനെയാണോ?
ഇന്നിന്റെ നാളെയെയാണ്.

ഇവിടെയെഴുതാം നിനക്ക്
ഇല്ല. ഞാനില്ല.
വെടിയുണ്ടകളെയാണോ നീ ഭയക്കുന്നത്?
ഭയത്തെയാണെനിക്ക് ഭയം.
കത്തിക്കപ്പെടും.
ചിന്തകളെയാണവർക്കു ഭയം.
നിർഭയമായ ആശയങ്ങൾ ഇനിയും
മുളപൊട്ടുന്നുണ്ട്. തീർച്ച!

ഇവിടെയെഴുതാം നിനക്ക്.
ഇല്ല. ഞാനില്ല.

നേരെ പോയിരുന്ന നിങ്ങളുടെ ശ്രദ്ധയെ, വായനയെ,ബോധത്തെ പെട്ടെന്നൊന്ന് തിരിച്ചിടുകയാണ്.ബുദ്ധിമുട്ടാണെന്ന് അറിയാം എങ്കിലും തലതിരിച്ചു പിടിച്ച് ഇത് വായിക്കുവാൻ കാണിച്ച മനസ്സിന് നന്ദി പറയുന്നു.

ഈ പേജുകൾ മുൻപോട്ട് വയ്ക്കുന്ന ആശയങ്ങളോടും ചോദ്യങ്ങളോടും ബുദ്ധിമുട്ട് തോന്നിയാൽ തലതിരിഞ്ഞ ഇവ തലതിരിഞ്ഞ എഴുത്തുകളല്ലോ എന്ന വാചകം കൊണ്ട് പുച്ഛിക്കുക
ഇനിയും തലതിരിഞ്ഞ എഴുത്തുകൾ തുടർന്നു കൊണ്ടിരിക്കും.
തുടർന്നും തലതിരിച്ചു പിടിക്കാൻ മനസ്സുകാണിക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,
തലതിരിഞ്ഞവൻ



# BREAK

AMRUTHA ELZA PREM
BA ECONOMICS

Every relationship is sweet at some point or the other. It's all happy and exciting till, each other starts expressing their feelings and behaviours freely. It's not a mistake. No it's never one. It's because you feel comfortable with that person to share your mood swings. It's the best part in a relationship. But then, there comes this suffocation, hardship, anger, less excitement and a bit more along with that expression. This is an important phase of every relationship. This makes you mature. Once you over come this phase, Tadaa, you are having a matured relationship.

For some, they'll take a break when it's suffocating, when it makes you so dull. And that too is totally fine. Believe me. It will refresh your soul. It'll help you understand each other's value and love. It's regenerative. That one break, will only help you both to take hold of each other's soul, so perfectly.
So if you are going through a break, don't worry, it'll make you better

# ശരീരം
# കണ്ടാൽ
# കണ്ട്രോൾ
# പോകും.

**അതുകൊണ്ട്**
**കറുത്ത തുണി കൊണ്ട്**
**മൂടികെട്ടി വെക്കണം.**



**ശരീരമാണോ ??**
**അല്ല,**
**കണ്ട്രോൾ**
**പോവുന്നോരുടെ**
**കണ്ണുകൾ.**




ലയ ജിമ്മി
കംപ്യൂട്ടർ സയൻസ് ബിരുദം

ദൈവം ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചു. അവനു കൂട്ട് വേണം എന്ന് തോന്നിയത് കൊണ്ട് അവനെ മയക്കി കിടത്തി, അവന്റെ എല്ല് എടുത്ത്, അതിൽനിന്ന് ഒരു തുണയെ സൃഷ്ടിച്ചു, അവന്റെ തുണ ആയ സ്ത്രീ !. ദൈവം അവർക്ക് മനോഹരമായ വൃക്ഷങ്ങളും നദികളും നിറഞ്ഞ ഏദൻ തോട്ടം നൽകി. എന്നാൽ തോട്ടത്തിന്റെ നടുവിലെ വൃക്ഷത്തിലെ ഫലം മാത്രം തിന്നരുത് എന്ന് ദൈവം അവരോട് പറഞ്ഞു. അങ്ങനെ രണ്ടുപേരും വളരെ സന്തോഷത്തോടെ ഏദൻ തോട്ടത്തിൽ കഴിയുകയായിരുന്നു. അപ്പോഴാണ് കൗശലമേറിയ സർപ്പം സ്ത്രീയെ സമീപിച്ചത്. സ്ത്രീയെ തിന്നരുതാത്ത ഫലം ഭക്ഷിക്കാൻ സർപ്പം പ്രലോഭിപ്പിച്ചു. സ്ത്രീ ആ ഫലം എടുക്കുകയും തന്റെ ഭർത്താവിനുംകൂടെ കൊടുത്ത് തിന്നുകയും ചെയ്തു.

ഇതറിഞ്ഞ ദൈവം ക്ഷുഭിതനായി. സ്ത്രീയോട് ദൈവം കൽപ്പിച്ചു: നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർദ്ധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും, നിനക്ക് ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും.

അന്ന് തുടങ്ങിയതാണ് അത്രേ, സ്ത്രീകളുടെ കഷ്ടകാലം. സർപ്പത്തിന്റെ വാക്ക് കേട്ട് തെറ്റ് ചെയ്ത സ്ത്രീ പിന്നീടുള്ള കാലം മുഴുവൻ ഭർത്താവിന്റെ അടിമ ആവാൻ വിധിക്കപ്പെട്ടവൾ ആയി മാറി.

സ്ത്രീ അമ്മയാണ് ദേവിയാണ് എന്നൊക്കെയാണ് പറയപ്പെടുന്നത്. സ്ത്രീ ദേവി തന്നെയാണ്. നാല് ചുവരുകൾക്കുള്ളിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവി. ദേവി ചോദിക്കുന്നത് എന്തും തരും. ഭക്ഷണം പാകം ചെയ്ത് തരും, തുണി കഴുകിത്തരും, അസുഖം വരുമ്പോൾ ശുശ്രൂഷ ചെയ്ത് തരും, കുഞ്ഞുങ്ങളെ തരും. ദേവിയുടെ അമ്പലമായ ഗൃഹത്തിലെ വാസികൾക്ക് ദേവി എന്നും അനുഗ്രഹങ്ങൾ നൽകും, സുഖമായ ജീവിതം എന്ന അനുഗ്രഹം.

ദേവി വീടിന് പുറത്ത് പോവുന്നത് തന്നെ അശകുനം ആണെന്നാണ് പറയപ്പെടുന്നത്. പവിത്രമായ ദേവിയെ ആരെങ്കിലും കളങ്കപ്പെടുത്തിയാലോ? ദേവി പോയാൽ പിന്നെ ഗൃഹം ആയ ആമ്പലത്തിൽ ആരെ പ്രതിഷ്ഠ ചെയ്യും? ആര് അനുഗ്രഹങ്ങൾ തരും? അതുകൊണ്ട് ദേവി മിക്കപ്പോഴും തന്റെ അമ്പലത്തിൽ തന്നെ കഴിച്ച് കൂട്ടും. ചുമ്മാ ദേവി ആയിട്ട് കാര്യമില്ലാലോ. ദേവിയുടെ അമ്പലത്തിലെ ആചാരങ്ങൾ പോറ്റി പോവണ്ടെ?

## ദേവിയുടെ ഗൃഹം ദേവി ഇല്ലാതെ നിലനിൽക്കില്ല എന്നാണ് ദേവിയോട് അവുടെയുള്ളോൻ പറയാറ്.

ദേവിക്ക് എല്ലാ മാസവും ഉത്സവം ആണ്. ചന്ദ്രനെ പോലെ 28 ദിവസങ്ങൾ കൂടുന്തോറും അവൾക്ക് ഉത്സവം. നാലഞ്ചു ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ഉത്സവത്തിൽ ദേവി ചോര ഒഴുക്കും. അതേ, അവളിൽ നിന്ന് ഒഴുകും, ജീവന്റെ രക്തം. മറ്റൊരു ദേവനും ഇല്ലാത്ത കഴിവ്. മറ്റൊരു ദേവനും ഇല്ലാത്ത ഉത്സവം. അതുകൊണ്ട് ആവണം മറ്റു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്മാർക്ക് ദേവിയോട് അസൂയ ആണ്. അവർക്ക് ചോര ഒഴുക്കാൻ സാധിക്കുന്നില്ലല്ലോ. അതിനാൽ ചോര ഒഴുക്കുന്ന ദേവിയെ അവരുടെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാൻ അവർക്ക് വിയോജിപ്പാണ്.

ദേവിക്ക് തന്റെ ലോകത്തെ ആസ്വദിക്കണം എന്നുണ്ട്. പക്ഷേ, ദേവിയുടെ ഗൃഹം ദേവി ഇല്ലാതെ നിലനിൽക്കില്ല എന്നാണ് ദേവിയോട് അവിടെയുള്ളോർ പറയാറ്. ദേവിയെ ഗൃഹത്തിലെ ദേവി ആയി പ്രഖ്യാപിക്കുന്നത് വളരെ വലിയൊരു

ചടങ്ങാണ്.

ദേവിക്ക് ചേരുന്ന ഒരു ഗൃഹം കണ്ടുപിടിച്ച് കൊടുക്കും ദേവിയുടെ മാതാപിതാക്കൾ. അവിടെയുള്ള പുരുഷൻ ആയ ഗൃഹവാസി എല്ലാ ബന്ധുക്കളും സാക്ഷി ആയിരിക്കെ ദേവിയുടെ കഴുത്തിൽ ഒരു താലി കെട്ടും. അവരുടെ ആ ഗൃഹത്തിന് ഐശ്വര്യം നൽകുന്ന ഒരു ദേവി അങ്ങനെ ജനിക്കുകയാണ്. ജീവിത കാലം മുഴുവൻ ആഗൃഹത്തിന് വേണ്ടി ദേവി തന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു. അതിനുള്ള ഒരു വാഗ്ദാനം ആയാണ് താലി കെട്ടുന്നത്. താലി കെട്ടുന്ന ആൾ ചോദിക്കുന്ന എന്തും ദേവി നൽകും, തന്റെ ശരീരം ഉൾപ്പെടെ, മാത്രമല്ല ഈ ചടങ്ങിൽ ദേവി ആ ഗൃഹത്തിലുള്ളവർക്ക് പണവും സ്വർണവും ദാനം ആയി നൽകും.



സ്ത്രീധനം എന്നാണ് അതിനെ പൊതുവെ വിളിക്കാറ്. പുതിയ ഗൃഹത്തിലേക്ക് ദേവി ഒരു വിളക്ക് കൊണ്ട് വലത് കാൽ വച്ച് കയറും. ഐശ്വര്യം അങ്ങനെ ആ വീടിനെ വലംവയ്ക്കുന്നു. ദേവിയുടെ വരവോടെ എല്ലാവരുടെയും വിഷമങ്ങൾ തീരുന്നു. അവരുടെ വിഷമങ്ങൾക്ക് അറുതി ദേവി വരുത്തുന്നു. അവരുടെയും കൂടി വിഷമം ദേവി ഏറ്റുകൊള്ളുകയാണ്.ഒരു ഗൃഹത്തിലെ ദേവിയെ തിരിച്ചറിയാൻ സുഖമാണ്. നെറ്റിയിൽ സിന്ദൂരം, കയ്യിൽ വളകൾ , നീണ്ട മുടി, ചുറ്റി ഉടുത്തിരിക്കുന്ന സാരി, ശാലീന സൗന്ദര്യം.

ഇതൊന്നും ഇല്ലാത്ത ദേവിയെ ആർക്കും വേണ്ട, ആർക്കും താൽപ്പര്യമില്ല. അല്ലെങ്കിലും മുടി ബോബ് ചെയ്തു ജീൻസ് ധരിക്കുന്ന ദേവിയെ ആർക്ക് വേണം..?

ദേവി അത്യന്തം സൗമ്യതയും ശാന്തതയും ഉള്ള ആൾ ആവണം എന്നാണ് വെപ്പ്. എന്തും സഹിക്കണം. സഹന ശക്തി ദേവിക്ക് ഏറ്റവും അധികം വേണ്ടതാണ്. മറ്റു ദേവന്മാരുടെ അടുത്ത് താഴ്ന്നു നിന്ന് അവരെ വണങ്ങണം. വിനയവും എളിമയും ഇല്ലാത്ത ധാർഷ്ട്യക്കാരി ആയ ദേവിയെ ആർക്ക് വേണം..? ദേവിയുടെ ഒച്ച ഗൃഹത്തിൽ പൊങ്ങാൻ പാടില്ല. ദേവിക്ക് ദേഷ്യം വരാൻ പാടില്ല. ഗൃഹവാസികൾ ചോദിക്കുന്ന എന്തും മടി കൂടാതെ, തർക്കുത്തരം പറയാതെ ചെയ്ത്കൊടുക്കണം. അതാണല്ലോ ദേവിയുടെ ജോലി. ദേവിയെ ദേവി അയി പ്രതിഷ്ഠിച്ചിരിക്കുന്നത് ഇതിനാണല്ലോ. അല്ലാതെ ചോദിക്കുന്നത് തരാതെ ഇരുന്ന് അഹങ്കാരം കാണിച്ചാൽ ദേവി ദേവി ആവില്ല. ഗൃഹത്തിൽ കാര്യസ്ഥൻ ആയ ദേവിയുടെ ഭർത്താവ് എല്ലാം പറയും, തീരുമാനിക്കും, അവിടെ ദേവിയുടെ വാക്കിന് സ്വാതന്ത്ര്യം ഇല്ല. ദേവി എല്ലാം സാധിച്ച് കൊടുക്കുന്ന ആൾ അല്ലേ?

ദേവിക്ക് ഒന്നും കുഴപ്പമില്ല. ദേവിക്ക്
ഒന്നിനോടും പരിഭവമില്ല.
എങ്കിലും ഇടക്ക് ദേവിയുടെ മനസ്സിന്റെ ഒരു
കോണിൽ നിന്ന് പുറപ്പെടുന്ന ഒരു
ആഗ്രഹം അവളുടെ ഗൃഹക്ഷേത്രത്തിന്റെ
ഓരോ കോണിലും തട്ടി പുറത്തേക്ക്
കടക്കാൻ നോക്കും, പക്ഷേ പുറത്ത്
പോവാനാകാതെ  ഗൃഹത്തിലെ
പൊടികളുടെ കൂടെ അടിഞ്ഞ് കൂടും
ഒരു മൂലക്ക്, ആ ആഗ്രഹം,
ദേവി അല്ലാതെ ഒരു മനുഷ്യൻ
ആകുവാനുള്ള ആഗ്രഹം !



ഋതിക്ക് വൽസൻ

ഇംഗ്ലീഷ് ബിരുദം



# ALFRED HITCHCOCK'S

ലോകത്തിലെ ഏറ്റവും ആസ്വാദ്യകരമായ ദുർമന്ത്രവാദമാണ് സിനിമ. ഇരുട്ടിൽ അവ നമുക്കൊരു മായാലോകമൊരുക്കുന്നു.

ലൂമിയർ സഹോദരങ്ങൾ ആദ്യമായി ഒരു ട്രെയിൻ അടുക്കുന്ന ദൃശ്യം വെള്ളിത്തിരയിൽ കാണിച്ചപ്പോൾ കാണികൾ ഭയന്ന് വിറച്ചോടിയത്രെ. അവിടെ നിന്ന് ഇവിടെവരെയുള്ള ലോകസിനിമ യുടെ യാത്ര ഭയത്തിന്മേലുള്ള പരീക്ഷ ണങ്ങളുടെയും കൂടിയാണ്. വെള്ളി ത്തിരയിൽ നിറഞ്ഞാടിയ ഭീതിയെ ഏറ്റവും മികച്ചതായി കൈകാര്യം ചെയ്തത് ആരെന്ന ചോദ്യത്തിന് ഒരൊറ്റ ഉത്തരമേയുള്ളു

**ആൽഫ്രഡ് ഹിച്ച്കോക് !**

1899 ആഗസ്റ്റ് പതിമൂന്നിനാണ് ലോകത്തി നെ ഭയത്തിന്റെ കൊടുമുടി കാണിച്ച സംവിധായകൻ ആൽഫ്രഡ് ഹിച്ച്കോകിന്റെ ജനനം. തന്റെ കുട്ടിക്കാ ലത്തെപ്പറ്റിയോർക്കുമ്പോൾ ഹിച്ച്കോക് വിട്ടുകളായാത്ത ഒരു കഥയുണ്ട്. തനിക്ക് അഞ്ചു വയസ്സുള്ളപ്പോൾ ഒരു കുറുമ്പ് കാട്ടിയതിന് അച്ഛൻ ഹിച്ച്കോകി നെ ഒരു കുറിപ്പുമായി പോലീസ് സ്റ്റേഷനി ലേക്ക് അയച്ചു. കുറിപ്പ് വായിച്ച പൊലീസുകാർ ഹിച്ച്കോകിനെ അഞ്ചു മിനിറ്റ് സെല്ലിൽ പൂട്ടിയിട്ടു. കുട്ടിയെ കുറുമ്പുകളിൽ നിന്നും അകറ്റി നിർത്താൻ അച്ഛൻ പറ്റിച്ച വേലയാണെങ്കിലും ഇത് ഹിച്ച്കോകിന്റെ ജീവിതത്തിലുണ്ടാക്കിയ ആഘാതം ചെറുതല്ല. ഒറ്റപ്പെട്ട കുട്ടിക്കാ ലമായിരുന്നു ഹിച്ച്കോകിന്റേത്. തന്റെ തടിച്ച ശരീരം സമ്മാനിച്ച അപകർഷതാ ബോധം ഹിച്ച്കോകിനെ വേട്ടയാടി. പോലീസുകാരെയും അധ്യാപകരേയും എന്നും ഹിച്ച്കോകിന് പേടിയായിരുന്നു.

"എനിക്കുണ്ടായതിൽ തന്നെ ഏറ്റവും വലിയ ഭാഗ്യം ഒരു പേടിത്തൊണ്ട നായി ജനിച്ചു എന്നതാണ്, ഒരു ധീരന് ഒരിക്കലും നല്ല സസ്പെൻസ് സിനിമകൾ നിർമ്മിക്കുവാൻ കഴിയില്ല"

-ഹിച്ച്കോക്

ഹിച്ച്കോക് സിനിമയിൽ ടൈറ്റിൽ കാർഡ് ഡിസൈനറായാണ് ആരംഭിച്ചത്. പിന്നീട് സംവിധാനത്തിലേക്ക് തിരിഞ്ഞ ഹിച്ച്കോക് മാസ്റ്റർ ഓഫ് സസ്പെൻസ് എന്ന വിശേഷണത്തിന് അർഹനായി.50കളിൽ പുറത്തിറങ്ങിയ **vertigo, rear window, north by northwest** എന്ന ഹിച്ച്കോക് ചിത്രങ്ങൾ ചലച്ചിത്രശാലകളിൽ കാണികളെ

തിക്കിനിറച്ചു. ഇന്നും പുറത്തിറങ്ങുന്ന
ത്രില്ലർ ചിത്രങ്ങളിൽ ഹിച്ച്കോക് ചിത്രങ്ങൾ ചെലുത്തുന്ന സ്വാധീനം പ്രകടമാണ്.

മനുഷ്യൻ പാതി DNAയും പാതി തന്റെ കുട്ടിക്കാല അനുഭവങ്ങളുമാണെന്ന് പറയും. ഒരുപക്ഷെ തന്നെ വേട്ടയാടിയ ഭയങ്ങളായിരിക്കും ഭീതിയുടെ രാജാവ് എന്ന പദവി ഹിച്ച്കോക്കിന് നേടി കൊടുത്തത്.

‘‘എനിക്ക് ഭയങ്ങളിൽ നിന്നും മുക്തി നേടുവാൻ ഒരു വഴിയേയുള്ളു.
അവയെ പറ്റി സിനിമ ചെയ്യുക’’

-അൽഫ്രെഡ് ഹിച്ച്കോക്

അതേ, ഹിച്ച്കോകിന് കിട്ടിയ ഏറ്റവും വലിയ ഭാഗ്യം ഭയമാണ്.
അയാളുടെയും നമ്മളുടെയും.



അവന് കേറാവുന്നിടത്ത്
അവൾ കേറാൻ പാടില്ല
പറഞ്ഞാൽ ലിംഗവിവേചനം
വിശ്വസിച്ചാൽ ആചാരം

എന്താലേ...



# ആദിയിൽ പശു ഉണ്ടായിരുന്നത്രേ

ഗോവിന്ദ് ജി
ഫിസിക്സ് ബിരുദം

പണ്ട് പണ്ട് പണ്ട് രണ്ട് ജീവബിന്ദുക്കൾ നടക്കാനിറങ്ങുന്നതിനുംപണ്ട് ആദിയിൽ, ആറ് പകലും ഒരു ശനിയാഴ്ചയും, എടുത്ത്, ഒടയതമ്പുരാൻ ഭൂമിയെ മെനക്കെട്ട് പണിയുന്നേനും മുൻപ്,ഒരു വിരാട പശുവുണ്ടായിരുന്നേ....

അതിന്റെ വായിൽ നിന്ന് ലൊട്ടുലൊടുക്കു മന്ത്രിമാരും, പാർശ്വങ്ങളിൽ നിന്ന് ഗോകലാശാലാ ബുദ്ധി വര്യന്മാരും, തുടകളിൽ നിന്ന് അന്തംകെട്ട അണികളും, പാദങ്ങളിൽ നിന്ന് അരാഷ്ട്രീയ കബന്ധങ്ങളും പിറന്നേ.....
ഇങ്ങനെ പിറക്കുന്നേനിടയിൽ, വിരാടപശു ചെമ്പരുത്തി പൂമ്പൊടി മണത്ത്
ഒന്ന് ഉറക്കെ തുമ്മി!
അമ്പമ്പോ!
ഒന്നേ മുക്കാൽ കോടി ഇസ്ലാമികൾ പറന്ന് വീണേ!
രണ്ടാമതൊരു തുമ്മൽ! ന്റമ്മോ !
രണ്ടരക്കോടി ദളിതർ അറിഞ്ഞ് വീണേ!
മൂക്കിൽ ബാക്കി നിന്ന പൂമ്പൊടിയൊന്ന് ഉറക്കെ ചീറ്റിപ്പോ,
ഫെമിനിച്ചികൾ വീണേ, പിന്നാലേ സമഷ്ടിവാദികൾ വീണേ,പിന്നിലോട്ട് കണ്ണില്ലാത്തോർ വീണേ!

ഇവരത്രേ മനുഷ്യർ!

അശ്രീകരം, തൊട്ടുകൂടാ, അഞ്ചാറു മൈൽ ദൂരെ മാറി നിൽക്കണം. ചെരുപ്പിട്ടേക്കരുത്, ഭഗവാനെ നോക്കരുത്, പെണ്ണായി പിറന്നോര് നല്ല തടിച്ചു മുഴുത്തങ്ങിരുന്നോണം.

വിരാടപശുന്റെ തടിച്ച അമ്മിഞ്ഞേന്ന് മുലകുടിച്ചു ഗോമക്കൾ ഉരുണ്ട് കഴിഞ്ഞ കാലത്താണ് മറ്റേകൂട്ടർ തീ കണ്ടുപിടിച്ചതും ചക്രം ഉരുട്ടീതും.പിന്നാലെ ചൊറിഞ്ഞ് കൂടിയ ഗോമക്കൾക്ക് മേൽ ആസകലം നായ്ക്കരുണ പൊടി എറിഞ്ഞോണ്ടാ പാർക്കിലും ബീച്ചിലും അവർ ഉമ്മവച്ചു നടന്നു. ഗോമക്കൾടെ ആസനത്തിലെ കുരുപൊട്ടിച്ചോണ്ടാ 'ചില ആളോള് ആദ്യായിട്ട് മഴവില്ലും കൊണ്ടിറങ്ങി.' ലോകത്ത് ഇന്നേവരെ ഉണ്ടായിട്ടുള്ള സമൂഹങ്ങളുടെ അത്രേം ചരിത്രം ഗോപുത്രമനുഷ്യ സംഘർഷങ്ങളുടേതായിരുന്നെന്ന് 'കേൾക്കുമ്പോ പിന്നെ മറ്റേ മനുഷ്യരുടെ കാര്യവും അത്ര പന്തിയല്ലെന്ന് ഈ ഉള്ളവന് ഊഹിക്കാമേ.

ഇങ്ങനൊക്കെ ആണേലും ഗോമക്കൾക്ക് ഒരു സുവർണ്ണ കാലം വന്നു. തങ്കലിപികളിൽ എഴുതി ചേർക്കേണ്ട കാലം.സമ്പത്തും സമൃതീം ഐശ്വര്യോം കുമിഞ്ഞൊഴുകിയ കാലം. ആകാശത്തൂന്ന് ഒടയതമ്പുരാന് അറിഞ്ഞിറങ്ങി വരുമ്പോലല്ലയോ അങ്ങോര് വന്നേ.

അങ്ങോരുടെ പാവനപാദങ്ങളാൽ അനുഗ്രഹിക്കപ്പെട്ട ഗുജറാത്ത് നിവാസികളേ,നിങ്ങൾ ഭാഗ്യവാന്മാർ!
അങ്ങോരുടെ സുവിശേഷം ശ്രവിച്ചോരേ,
സ്വർഗ്ഗരാജ്യം നിങ്ങളുടേതാണ്!
'മേരെ പ്യാരെ ദേശ് വാസിയോം'






# "If you slaughter cows you will be lynched"

**GYAN DEV AHUJA**
Ramgarh MLA,
BJP

നമ്മൾ പറഞ്ഞോണ്ട് വന്നത്,ഗോമക്കളുടെ രക്ഷക്കെത്തിയവനെക്കുറിച്ചാണ്. ഇതാ ഇപ്പോ അങ്ങോരുടെ കസേര ഏറെക്കുറേ ഇളകുമെന്നമട്ടാണ്. അമ്മാതിരി ആയിരുന്നില്ലയോ ഗോപുത്രമനുഷ്യവർഗസമരം!

ഇന്നാളൊരിക്കൽ ദാദ്രിലൊരുത്തനെ മാട്ടിറച്ചി ഫ്രിഡ്ജിൽ വച്ചെന്ന പേരിൽ തല്ലിക്കൊന്നായിരുന്നേ. ഇതെന്ത് പുകിലെന്ന് ഈ ഉള്ളോന് എത്ര കണ്ടാലോചിച്ചിട്ടും പിടികിട്ടണില്ല്യ. പതഞ്ജലീടെ സ്വദേശി ഫ്രിഡ്ജ് ഉപയോഗിക്കാമായിരുന്നു അയാൾക്ക്.
അല്ലാ പിന്നെ!
അറബികൾ ഇങ്ങെത്തും മുൻപന്നെ ഈടെ പശൂനെ തിന്നുന്നോരുണ്ടാർന്നീലേ.
പുത്രഭൂമി സൗഭാഗ്യങ്ങൾക്ക് എന്തോരുവാ അതിനെ ബലികൊടുത്തേ.
ഗോമാതാവല്ലയോ, അങ്ങനെ ചെയ്യാവോ?

പിന്നീട് വന്ന ബുദ്ധനെ പറ്റിച്ച് ഇനിമേൽ ബലികൊടുക്കത്തില്ലെന്നുറച്ച ബ്രഹ്മണരല്ലയോ ഗോമക്കളെ മാമോദീസ മുക്കീത്. ബുദ്ധന്റെ അഹിംസ എവിടെകിടക്കുന്നളിയാ !

ഗോമാതാവാണ് ! അമ്മയാണ്! പെണ്ണാണ്! തൊട്ടുപോകരുത്!




**No. of Cow Vigilante Attacks**

Assam: 3
Gujarat: 1
Haryana: 5
Himachal Pradesh: 1
Jammu and Kashmir: 1
Jharkhand: 5
Karnataka: 1
Madhya Pradesh: 3
Rajasthan: 4
Uttar Pradesh: 7
West Bengal: 6



**"Because of how my father was lynched i do not have the courage to take our cattle out"**

**IRSHAD KHAN**
S/O Pehlu Khan
who was beaten to death by cow vigilantes

# വാസസ്ഥലങ്ങൾ കരയുമ്പോൾ


അരുൺ കൃഷ്ണ

ഫിസിക്സ് ബിരുദം




ഭക്ഷണം, വെള്ളം, വസ്ത്രം, വാസസ്ഥലം എന്നിവയാണ് മനുഷ്യസമൂഹത്തിന്റെ ആകമാനം അടിസ്ഥാന ആവശ്യങ്ങൾ. ഇഷ്ടമുള്ളവ ഭക്ഷിക്കാനും, ഇഷ്ടമുള്ളവ കുടിക്കാനും, ഇഷ്ടമുള്ളവ ധരിക്കാനും സ്വാതന്ത്ര്യം ഉണ്ടായിരിക്കെ ഇഷ്ടമുള്ളിടത്ത് വസിക്കാനുള്ള സ്വാതന്ത്ര്യത്തിനായി ഉയരുന്ന ശബ്ദങ്ങൾ പലപ്പോഴും രാജ്യദ്രോഹമായി മുദ്രകുത്തപ്പെടാറുണ്ട്. മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടിയുള്ള അന്വേഷണമായിരുന്നു മനുഷ്യരാശിയെ എന്നും നയിച്ചിട്ടുള്ളത്. ഓരോ പലായനങ്ങൾക്കു പിന്നിലും കണ്ടുപിടിത്തങ്ങൾക്കു പിന്നിലും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്കു വേണ്ടിയുള്ള തീവ്രമായ ആഗ്രഹങ്ങളുടെ വേരുകളുണ്ട്.

മനുഷ്യനുണ്ടായകാലം മുതൽ താൻ അനുഭവിക്കുന്ന ജീവിതസാഹചര്യങ്ങളോടുള്ള അതൃപ്തി മൂലം ഉണ്ടാകുന്ന ഇത്തരം പലായനങ്ങൾ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല.മെച്ചപ്പെട്ട സാഹചര്യം ആഗ്രഹിക്കുന്ന ഒരുവനാണോ, അവന് തൃപ്തികരമല്ലാത്ത ഒരു സാഹചര്യം ഉണ്ടാക്കുന്നവരാണോ

സത്യത്തിൽ ഈ പലായനങ്ങളുടെ കാരണക്കാർ..? താൻ ആഗ്രഹിക്കുന്ന വാസസ്ഥലത്തേക്ക് പോകുന്നതിനായി ഒരുവനെ സഹായിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിച്ചാൽ മാനവിക ബോധത്തിന്റെയും സഹജീവിസ്നേഹത്തിന്റെയും കിരീടം ചൂടിയ നിങ്ങൾ പൂർണ്ണമനസ്സോടെ സമ്മതിച്ചേക്കും.എന്നാൽ ഞാൻ ആവശ്യപ്പെട്ടത് പാകിസ്ഥാനിലേക്ക് പോകാൻ ആഗ്രഹിക്കുന്ന ഒരു കാശ്മീരിയെപറ്റി ആണെങ്കിലോ ?
(നിങ്ങളിൽ ഇപ്പോൾ കത്തിയെരിഞ്ഞ കപട മാനവികബോധത്തിന്റെ ഗന്ധം അസഹനീയമെന്ന് പറയാതെ വയ്യ.)





4 പെണ്ണുങ്ങളും
സൂസിയും
ഒരു പ്രേതകഥ
കിരൺ തങ്കച്ചൻ
ഇക്കണോമിക്സ് ബിരുദം

തർക്കം മുറുകിക്കൊണ്ടിരുന്നു.നാല് പേരും നാല് ഹോസ്റ്റലിൽ നിന്നുള്ളവരായതു കൊണ്ടുതന്നെ ആരും വിട്ടുകൊടുക്കുന്ന ലക്ഷണമില്ല.
തർക്കവിഷയമോ? ഒരു പ്രേതം.
'കുണ്ടറ സൂസി'
സൂസിയെപ്പറ്റി പലർക്കും പല കഥകൾ ആണ് പറയുവാനുണ്ടായിരുന്നത്.
ഗർഭിണി ആയിരുന്നപ്പോൾ കിണറ്റിൽ ചാടി ആത്മഹത്യ ചെയ്തു എന്ന് ചിലർ വാദിക്കുമ്പോൾ മറ്റു ചിലർ കുട്ടി ഉണ്ടായതിനുശേഷം സാരിയിൽ തൂങ്ങി മരിച്ചതാണെന്ന് പറയുന്നു.
യാഥാർത്ഥ്യം ആർക്കുമറിയില്ല. ഏത് ഹോസ്റ്റലിൽ ആണ് കഴിഞ്ഞിരുന്നത് എന്ന് പോലും ഉറപ്പില്ല.
സൂസി ഹോസ്റ്റൽ നിവാസിയേ അല്ലായിരുന്നു എന്ന് പറയുന്ന ഒരു കഥ ഉണ്ട്..അത് ഇങ്ങനെയാണ്.. 'കുണ്ടറയിലെ ഒരു സാധാരണ കുടുംബത്തിൽ ഏകദേശം 1950കളിൽ ആണ് സൂസി ജനിച്ചത്.
അവളുടെ കുടുംബം ഒട്ടും യാഥാസ്ഥി കമായിരുന്നില്ല. പെൺകുട്ടിയാണെന്ന ന്യായം പറഞ്ഞുകൊണ്ട് അവളുടെ സ്വാതന്ത്ര്യം ഹനിക്കുന്ന ഒന്നും അവർ ചെയ്തിരുന്നില്ല.
എഴുപതുകളുടെ തുടക്കത്തിൽ അവൾക്ക് യു സി കോളേജിൽ അഡ്മിഷൻ ലഭിച്ചപ്പോൾ അകന്ന ബന്ധുവായ ആനി ടീച്ചറുടെ വീട്ടിൽ താമസിപ്പിക്കാൻ തീരുമാനിച്ചു.അവിടെയായിരുന്നു പ്രശ്നങ്ങളുടെ തുടക്കം. ആനി ടീച്ചർ സൂസിയുടെ വീട്ടുകാരെപോലെ ആയിരുന്നില്ല.
ആദ്യ ദിവസം തന്നെ ആനി ടീച്ചർ സൂസിക്ക് ഒരു 'മാനദണ്ഡപുസ്തകം' കൊടുത്തു.പിന്നെ അങ്ങോട്ട് ആനി



ടീച്ചറുടെ ഭരണം ആയിരുന്നു.
കോളേജിൽ നല്ല രീതിയിൽ എല്ലാ കാര്യങ്ങളിലും സജീവമായിരുന്ന അവൾക്ക് പല പരിപാടികളും നിർത്തേണ്ടി വന്നു. 6 മണിക്ക് ശേഷം ആനി ടീച്ചർ കയറ്റുമായിരുന്നില്ലത്രേ.
എപ്പോഴും കത്ത് എഴുതുന്ന ഒരു ശീലം സൂസിക്ക് ഉണ്ടായിരുന്നു. പക്ഷെ അതിനും നിയന്ത്രണം വന്നു. 7:30 മുതൽ 8:30 വരെ മാത്രം കത്ത് എഴുതുന്ന സമയം അവർ നിയന്ത്രിച്ചു. ഈ പ്രായത്തിലുള്ള പെൺകുട്ടികൾ കത്ത് എഴുതിയാൽ അതെല്ലാം കാമുകനുള്ളതായിരിക്കണം എന്നായിരുന്നു ആനി ടീച്ചറുടെ നിഗമനം.
അവധി ദിവസങ്ങളിൽ പുറത്തുപോകാൻ 3 മണിക്കൂർ മാത്രം സമയം അനുവദിച്ചു.
ഒരിക്കൽ വൈകിയതിന് സൂസി അനുഭവിച്ച പീഡനം ചെറുതായിരുന്നില്ല.
ഒരു കട്ടിൽ അടുപ്പിച്ചിട്ടാലോ, കത്ത് എഴുതാൻ കൂടുതൽ സമയം എടുത്താലോ, എറണാകുളം വരെ ഒന്ന് പോകണം എന്ന പറഞ്ഞാലോ, ആനി ടീച്ചറുടെ മൂക്കിന് മുകളിൽ കണ്ണട വെച്ചിട്ട് അതിനു മുകളിലൂടെയുള്ള അസഹനീയമായ നോട്ടം കാണേണ്ടി വരും.. കൂടാതെ ഒരായിരം ചോദ്യങ്ങളും.
സൂസി യെ പോലെയുള്ള ഒരു പെൺകുട്ടിക്ക് ഇതുപോലുള്ള അനുഭവങ്ങൾ ആദ്യമായിട്ടായിരുന്നു. ഒടുവിൽ സ്വന്തം വീട്ടുകാരുമായി ഇടപഴകാൻ വരെ ആനി ടീച്ചറുടെ സമ്മതം വേണ്ടി വന്നു.വീട്ടിലേക്കാണ് പോകുന്നത് എന്ന് തെളിയിക്കാൻ വേറെയും കുറെ കടമ്പകൾ കടക്കണമായിരുന്നു.
ആനി ടീച്ചറുടെ ഇത്തരം നടപടികളിൽ മനം നൊന്താണ് സൂസി എന്ന 19 കാരി ആത്മഹത്യ ചെയ്തത് എന്നാണ് ഈ കഥയിൽ പറയുന്നത്'.
കഥ പറഞ്ഞവസാനിപ്പിച്ചതിനു ശേഷം എല്ലാരും ഒരു നിമിഷം ഒന്നും മിണ്ടാതെ ഇരുന്നു.
'നമ്മുടെ ഹോസ്റ്റലിൽ ആയിരുന്നേൽ സൂസി ക്ക് ഈ അവസ്ഥ വരില്ലായിരുന്നു.അല്ലേ?' കൂട്ടത്തിൽ ഒരാൾ ചോദിച്ചു.
ഈ ചോദ്യം കേട്ടപ്പോൾ നാലുപേരും പരസ്പരം നോക്കി.എന്നിട്ടൊരു പൊട്ടിച്ചിരിയിൽ ആ ചർച്ച അവസാനിപ്പിച്ചു.





ചോറു കട്ട് തിന്നവനെ
തല്ലി കൊല്ലും
വെണ്ണ കട്ട് തിന്നാലോ
ദൈവമാക്കും
എന്താല്ലെ...?



# സംവരണമില്ല സംവരണങ്ങൾ മാത്രം

**അഭിമുഖം: സണ്ണി എം കപിക്കാട്**

അനീസ് കെ.എ
മലയാളം ബിരുദം

രണ്ടു വർഷങ്ങൾക്കു മുൻപ് ഇറങ്ങിയ കോളേജ് മാഗസിനിൽ ഒരു വിദ്യാർത്ഥിയുടെ അഭിപ്രായമായി രേഖപ്പെടുത്തിയിരിക്കുന്നത് 'നിലവിലെ കേരള സമൂഹത്തിൽ സംവരണം ഒരു അനാവശ്യമാണ് 'എന്നാണ്. അതെന്തുകൊണ്ടായിരിക്കുമെന്ന ചിന്തയിൽ മുഴുകിയാണ് ഞാൻ ട്രെയിനിലിരിക്കുന്നത്. ഈ സംശയത്തിന് ഒരു മറുപടി കണ്ടെത്താനായി പ്രശസ്ത ദളിത്ചിന്തകനായ സണ്ണി.എം.കപിക്കാടുമായി ഒരു അഭിമുഖമാണ് ഈ യാത്രയുടെ ലക്ഷ്യം. എന്റെ കൂടെ മാഗസിൻ എഡിറ്റർ സിദ്ധാർത്ഥേട്ടനും ചെയർമാൻ സുധീഷേട്ടനും കിരൺ ചേട്ടനുമുണ്ട്. കോളേജിൽ മോശമല്ലാത്ത ഒരു വിഭാഗം വിദ്യാർത്ഥികൾക്കിടയിൽ ഇതേ അഭിപ്രായമുണ്ടെന്നത് ഞങ്ങളെ അത്ഭുപ്പെടുത്തി. എന്തായിരിക്കും അത്തരമൊരു അഭിപ്രായരൂപീകരണത്തിന് കാരണമെന്ന് ആലോചിച്ചിരിക്കുമ്പോഴേക്കും ട്രെയിൻ കോട്ടയം സറ്റേഷനിൽ എത്തി. അവിടെ നിന്നും ബേക്കറി ജംഗ്ഷനിലെത്താനായിരുന്നൂ സണ്ണി സാറിൽ നിന്നും കിട്ടിയ നിർദേശം. അങ്ങനെ ഞങ്ങൾ കോട്ടയം പട്ടണത്തിന്റെ തെരുവുകളിലൂടെ നടന്ന് ബേക്കറി ജംഗ്ഷനിലെത്തി .അവിടെ ഒരു ഫുട്പാത്തിലിരുന്ന് ഞങ്ങൾ ചോദ്യങ്ങൾ ചിട്ടപ്പെടുത്തി. അതിനു തൊട്ടടുത്തു തന്നെയായിരുന്നു അദ്ദേഹം ജോലി ചെയ്യുന്ന എൽ.ഐ.സി യുടെ ഓഫീസ് . അവിടെയെത്തി കാത്തു നിൽക്കുമ്പോഴാണ് തൊട്ടടുത്ത് ഇരുന്നൂറ് വർഷം പഴക്കമുള്ള ഒരു സ്കൂളിന്റെ ബോർഡ് കാണുന്നത്. ബേക്കർ മെമ്മോറിയൽ ഹയർസക്കെൻഡറി സ്കൂൾ. അപ്പോഴാണ് ആ തെരുവിന്റെ പേര് ബേക്കറി ജംഗ്ഷനെന്നല്ല ബേക്കർ ജംഗ്ഷനെന്നാണെന്ന് മനസിലായത് . അവിടെ നിന്നും അദ്ദേഹം ഞങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊണ്ടുപോയി. ആ വീടിന്റെ സ്വീകരണമുറി മുഴുവൻ ചുവർചിത്രങ്ങളുടെ രൂപത്തിൽ അംബേദ്കർ നിറഞ്ഞു നിൽക്കുകയായിരുന്നു. ഒരു കസേര വലിച്ചിട്ട് അദ്ദേഹം ഞങ്ങളുടെ സോഫയ്ക്കടുത്തിരുന്നു. അദ്ദേഹം തയ്യാറാണെന്ന് മനസ്സിലായപ്പോൾ സിദ്ധാർത്ഥേട്ടൻ ആദ്യത്തെ ചോദ്യം ചോദിച്ചു. കയ്യിലെ ഫോണിൽ റെക്കോർഡർ ഓണാക്കി ഞാൻ എന്റെ കാത് കൂർപ്പിച്ചു.

ചോദ്യം ഒന്ന്

സംവരണവിരുദ്ധർ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വാദങ്ങളിൽ ഒന്ന്, വർഷങ്ങൾക്ക് മുൻപ് ഒരു ജനത അനുഭവിച്ച അനീതിക്ക് ഇന്നും പരിഹാരം ചെയ്യുന്നത് ഒരു അർത്ഥശൂന്യമായ കാര്യമാണെന്നാണ്. ഈ വാദത്തോട് സാർ എങ്ങനെ പ്രതികരിക്കുന്നു?

ഇവിടെ പ്രധാനമായിട്ട് ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഇത്തരത്തിൽ വാദിക്കുന്നവർ സ്ഥാപിക്കാൻ ശ്രമിക്കുന്നത് പണ്ടുണ്ടായിരുന്ന അനീതികൾ ഇന്നില്ല എന്നതുകൂടിയാണ്. ഇതൊരു തെറ്റായ ധാരണയാണ്. ഇതിനെപ്പറ്റി ഞാൻ എപ്പോഴും വിശദീകരിക്കാറുള്ള ഒരു കാര്യം, പണ്ടെങ്ങോ ഒരു ചരിത്ര ഘട്ടത്തിൽ നടന്ന അനീതിക്കുള്ള പരിഹാരമായിട്ടല്ല സംവരണം ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നത് എന്നാണ്, മറിച്ച് ആ അനീതി ആ രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ സമൂഹത്തിൽ ഇന്നും നിലകൊള്ളുന്നതു കൊണ്ടാണ് സംവരണം ആവശ്യമായി വരുന്നത്. അതുകൊണ്ട് തന്നെ ഇതൊരു പഴയ കഥയല്ല. പണ്ട് അടിമകളായിരിക്കുകയും ആക്രമിക്കപ്പെടുകയും ചെയ്യപ്പെട്ട വിഭാഗങ്ങൾക്ക് ഒരു പാപപരിഹാരം പോലെ നൽകുന്ന ഒന്നല്ല സംവരണം, മറിച്ച് ഇപ്പോൾ ഇവിടെ ഈ സമയത്തും വിവേചനം നിലനിൽക്കുന്നു എന്നതുകൊണ്ടാണ് സംവരണം ഒരു അനിവാര്യതയാകുന്നത്. പരിഗണിക്കപ്പെടാതെ പോകുന്നവർ പരിഗണിക്കപ്പെടണം എന്നതാണ് സംവരണത്തിന്റെ യുക്തി. അധികപരിഗണന എന്ന കാര്യം തന്നെ യഥാർത്ഥത്തിൽ അതിലില്ല. സ്വാഭാവികമായും നമ്മളുടെ സാമാന്യ സാമൂഹിക ബോധത്തിന്റെയും സാമാന്യ നീതി ബോധത്തിന്റെയും അടിസ്ഥാനത്തിൽ പുറന്തള്ളാൻ സാധ്യതയുള്ളവനെ പരിഗണിക്കണം എന്നാണ് സംവരണം പറയുന്നത്. പക്ഷെ ഈ സംഗതി എപ്പോഴും അധികപരിഗണനയായി കണക്കാക്കപ്പെടുന്നു എന്നതാണ് സത്യം. ഇന്ത്യൻ സമൂഹത്തിന്റെ സവിശേഷമായ ഘടകങ്ങൾ ഒന്നും തന്നെ ഉൾകൊള്ളാതെ സംവരണം ഒരു അനീതിയായി രൂപപ്പെട്ടിരിക്കുന്നു എന്ന സാമാന്യ ചിന്തയാണ് ഇത്തരമൊരു നിഗമനത്തിൽ എത്തിക്കുന്നത്. എന്നാൽ അത് ചരിത്രത്തോടോ സാമൂഹ്യമായ വ്യവസ്ഥയോടൊ നീതി പുലർത്തുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം

ചോദ്യം രണ്ട്

സംവരണവിരുദ്ധർ ഉന്നയിക്കുന്ന മറ്റൊരു പ്രധാനവാദമാണ് സംവരണം ജാതി വ്യവസ്ഥയെ നിലനിർത്തുന്നു എന്നത്. അവർ പറയുന്നത് അവർ ജാതി വ്യവസ്ഥയ്ക്ക് എതിരാണ്. പക്ഷെ സംവരണം അവരെ ജാതി വ്യവസ്ഥയിൽ തന്നെ തളച്ചിടുന്നു. അതിനാൽ സംവരണം എതിർക്കപ്പെടേണ്ടതാണ് എന്നാണ്. യഥാർത്ഥത്തിൽ സംവരണം ജാതി വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ?

സംവരണം ജാതിവ്യവസ്ഥയെ നിലനിർത്തുന്നു എന്നത് സംവരണവിരുദ്ധർ പണ്ടു മുതലേ ഉന്നയിക്കുന്ന ഒരു വാദമാണ്.എന്നാൽ ഇതിൽ മനസിലാക്കേണ്ട ഒരു കാര്യം നമ്മുടെ സമൂഹത്തിലെ ഏതൊരു വ്യവസ്ഥയും, അത് ജാതിയാകട്ടെ വർഗ്ഗമാകട്ടെ വംശമാകട്ടെ ലിംഗപദവികളാകട്ടെ അതൊന്നും ഏതെങ്കിലും ഒരു രേഖകളിൽ വരുന്നത് കൊണ്ടല്ല ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നത് എന്നതാണ് . യഥാർത്ഥത്തിൽ

സമൂഹത്തിൽ ജാതി വളരെ പ്രബലമായി നിലനിൽക്കുന്നത് കൊണ്ടും ജാതീയമായ വിവേചനങ്ങൾ സമൂഹത്തിൽ വളരെ പ്രബലമായി നിലനിൽക്കുന്നതു കൊണ്ടുമാണ് പൗരൻ അവന്റെ ജാതി രേഖപ്പെടുത്താൻ നിർബന്ധിതനാകുന്നത്. അതുകൊണ്ട് ജാതി രേഖ പ്പെടുത്തുന്നതിനാലാണ് പൗരൻ അവഗണിക്കപ്പെടുന്നത് എന്ന് പറയാൻ പാടില്ല. കാരണം ജാതി രേഖപ്പെടുത്തിയില്ലെങ്കിലും പൗരൻ അവഗണിക്കപ്പെടും എന്നതാണ് യാഥാർത്ഥ്യം. രണ്ടാമതായി ഒരു കാര്യം ചോദിക്കാനുള്ളത് ഇവർ പറയുന്ന ഈ വാദം ശരിയാണെങ്കിൽ പിന്നെ എന്തുകൊണ്ടാണ് സംവരണമില്ലാത്തവരും ജാതി കൊണ്ടുനടക്കുന്നത്?. സംവരണ മാണ് ജാതി നിലനിർത്തുന്നതെങ്കിൽ പിന്നെന്തിനാണ് അതിനു കീഴിൽ വരാത്തവർ ജാതി കൊണ്ടു നടക്കുന്നത് എന്ന് അന്വേഷിക്കുമ്പോൾ മനസിലാകുന്നത് ജാതിയെന്നത് സംവര ണവുമായി ബന്ധപ്പെട്ടല്ല നിലനിൽക്കുന്നതെന്നും മറിച്ച് അത് സാമൂഹ്യ വ്യവഹാരത്തിലെ, മനുഷ്യർ തമ്മിലുള്ള ഇടപാടുകളിലെ ഒരു മൂലധനമായാണ് പ്രവർത്തിക്കുന്നത് എന്നാണ്. അതുകൊണ്ടാണ് സവർണ്ണർ ജാതിയെ ഒരു അലങ്കാരമായി കൊണ്ടു നടക്കുമ്പോൾ കീഴാള വിഭാഗങ്ങൾ അത് മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്.. യഥാർത്ഥത്തിൽ സമൂഹത്തിൽ ജാതിയും ജാതിയുടെ പേരിലുള്ള അസമത്വങ്ങളും പ്രബലമാണ് എന്നതുകൊണ്ട്, അവഗണിക്കപ്പെടാൻ സാധ്യതയുള്ള ചില പ്രത്യേക വിഭാഗങ്ങൾക്ക് പരിഗണന ആവശ്യമുണ്ട് എന്നതുകൊണ്ടാണ് ജാതി രേഖപ്പെടുത്തേണ്ടതായി വരുന്നത്.

ചോദ്യം മൂന്ന്.

ഒരു വിഭാഗം എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ് സമൂഹത്തിൽ ജാതിയി ല്ലെന്നത്. യഥാർത്ഥത്തിൽ പ്രിവിലേജ്ഡ് ആയിട്ടുള്ള ഒരാൾക്കേ അങ്ങനെ പറയാൻ കഴി യൂ. എന്നാൽ താൻ പ്രിവിലേജ്ഡ് ആണെന്ന് അവർ ഒരിക്കലും സമ്മതിച്ചു തരികയുമില്ല. അതിനാൽ ഏതൊക്കെ ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോഴും സമുഹത്തിൽ പ്ര ിവിലേജ്ഡ് അൺപ്രിവിലേജ്ഡ് വ്യത്യാസമില്ലാതെ ജാതിവ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്ന് നമുക്ക് തെളിയിക്കാൻ കഴിയും?

നമ്മുടെ സമൂഹത്തിൽ ജാതിയെ ഒരു പ്രത്യേക സാമൂഹിക രൂപമായിട്ടോ ഒരു പ്രത്യേക സാമൂഹിക പെരുമാറ്റരീതിയായിട്ടോ കാണുന്ന ഒരു ശീലമുണ്ട്. അതായത് ജാതിയെന്നത് അയിത്തത്തിന്റെ ചില രൂപങ്ങൾ മാത്രമായി മനസിലാക്കുക. അതായത് വഴി നടത്താതിരിക്കുക, വീട്ടിൽ കയറ്റാതിരിക്കുക, സ്കൂളിൽ കയറ്റാതിരിക്കുക, ഒരുമിച്ച് ഭക്ഷണം കഴിക്കാതിരിക്കുക തുടങ്ങിയ അയിത്തത്തിന്റെ ചില രൂപങ്ങളാണ് ജാതിയെന്ന് നമ്മൾ വിധിയെഴുതുകയും അത്തരം രൂപങ്ങൾ സമൂഹത്തിൽ അന്വേഷിച്ചു നടക്കുകയും ചെയ്യുന്നു. അങ്ങനെ അന്വേഷിച്ചു കഴിയുമ്പോൾ മേൽപറഞ്ഞ പല അയിത്തരൂപങ്ങളും ഇന്ന് സമൂഹത്തിൽ ഇല്ലന്ന് നമ്മൾ മനസിലാക്കു ന്നു . അവയൊന്നും സമൂഹത്തിൽ ഇല്ലാത്തതുകൊണ്ട് ഇവിടെ ജാതിയില്ലെന്ന ലളിത മായ നിഗമനത്തിൽ നാം എത്തിച്ചേരുന്നു. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ടത്, ജാതിയെ പഠിക്കാൻ ശ്രമിക്കുന്ന ഇന്ത്യൻ സാമൂഹ്യ ശാസ്ത്രത്തിന്റെ വലിയൊരു പോരായ്മയാണ്. അവർ എപ്പോഴും പഠിക്കാൻ ശ്രമിക്കുന്നത് ജാതിവ്യവസ്ഥയിലെ അടിച്ചമർത്തൽ നടപടികളെക്കുറിച്ച് മാത്രമാണ്. അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ

മാത്രമാണ് അവർ ശ്രദ്ധ ചെലുത്താറ്. എന്നാൽ അടിച്ചമർത്തുന്നവൻ എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് അവർ പഠിക്കാൻ ശ്രമിക്കാറില്ല. അതുകൊണ്ട് ജാതിയെന്നത് കീഴാള ന്റെ മാത്രമാണെന്നാണ് സാമൂഹ്യശാസ്ത്രം പോലും നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ജാതിയെന്നത് കീഴാളനെ മാത്രമായി ബാധിക്കുന്ന ഒന്നല്ല. അത് സമൂഹ ത്തിനെ മുഴുവൻ ബാധിക്കും. അത്തരത്തിൽ അത് അടിച്ചമർത്തുന്നവനെയും സവിശേഷ മായ രീതിയിൽ നിർമ്മിച്ചെടുക്കും. അവൻ മാനവികമായ ഒരു ബോധ്യത്തിലേക്ക് പരിവർ ത്തനപ്പെടാതിരിക്കാനുള്ള എല്ലാ തടസ്സങ്ങളും ജാതി അവന്റെ മുന്നിൽ നിർമ്മിച്ചെടുക്കും. സ്വന്തം സഹജീവിയെ സഹോദരതുല്യം സ്നേഹിക്കാൻ അവനെ സമ്മതിക്കാത്ത ഒരു വൈകാരികതയിൽ ജാതി അവനെ തളച്ചിടും. ഫലത്തിൽ അവൻ മനുഷ്യനായി തീരുന്നില്ല എന്ന ദുര്യോഗമാണ് സവർണ്ണൻ യഥാർത്ഥത്തിൽ നേരിടുന്നത്. ഇത് ഒരു പ്രധാന ചർച്ച ആകാതിരിക്കാനുള്ള കാരണം സമൂഹത്തിലുള്ള അധിക പ്രിവിലേജാണ്.

ജാതിയെക്കുറിച്ച് പഠിക്കുമ്പോൾ നമ്മൾ പ്രിവിലേജില്ലാത്തവരെക്കുറിച്ചാണ് സംസാരിക്കുക അധിക പ്രിവിലേജുകാരെപ്പറ്റി ചർച്ച ചെയ്യാറില്ല. യഥാർത്ഥത്തിൽ നമുക്ക് ജാതിയെ പഠിക്ക ണമെങ്കിൽ അധിക പ്രിവിലേജുള്ളവരെക്കൂടി ആ പഠനത്തിന്റെ ഭാഗമാക്കണം.

കാരണം അധിക പ്രിവിലേജുള്ളവരാണ് ജാതിയില്ല എന്ന വാദം പ്രധാനമായും ഉന്നയിക്കു ന്നത്. കാരണം ജാതിയില്ല എന്ന പ്രതീതി അവരുടെ ജീവിതത്തെ, അവരുടെ സാമൂഹ്യ ഇടപാടുകളെ ,അവരുടെ അധികപ്രിവിലേജുകളെ എപ്പോഴും നിഴലിൽ നിർത്തും. അത് വെളിച്ചത്തിലേക്ക് വരില്ല. അധികപ്രിവിലേജനുഭവിക്കുന്നവരുടെ സാമൂഹിക വ്യവഹാരങ്ങ ളെ സംബന്ധിച്ച, അവരുടെ സാമൂഹികമായ സങ്കൽപങ്ങളെ സംബന്ധിച്ച ചർച്ചകൾ ജാതീയമായി വിവരിക്കേണ്ടതുണ്ട്. അതുകൂടി വരുമ്പോളാണ് ജാതി സമൂഹത്തിനെ മൊത്തമായി ബാധിക്കുന്ന ഒരു കാര്യമായി നമുക്ക് മനസിലാകുക.

**ചോദ്യം നാല്**

**ഇന്ത്യൻ ജാതിവ്യവസ്ഥയെന്നത് സവർണ്ണഅവർണ്ണ വേർതിരിവുകളിൽ ഒതു ങ്ങുന്നതല്ല. പട്ടിക വിഭാഗങ്ങളിൽ തന്നെ ജാതീയമായ മേൽത്തട്ടും കീഴ്ത്തട്ടുമുണ്ട്. അതുകൊണ്ട് തന്നെ അവർ വ്യത്യസ്ത തോതിലുള്ള അനീതി നേരിടുന്നവരായിരിക്കും. അപ്പോൾ അവരെ മൊത്തം ഒരു വിഭാഗമായി കാണുന്നതും ആ വിഭാഗത്തിനായി ഒരേതരം സംവരണമേർപ്പെടുത്തുന്നതും ശരിയായ രീതിയാണൊ?**

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗത്തിൽ തന്നെ വ്യത്യസ്തമായ രീതിയിലും തോതിലും അനീതികൾ അനുഭവിക്കുന്ന പല വിഭാഗങ്ങൾ ഉണ്ടാകുമെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനെ നമുക്കൊരിക്കലും തള്ളിക്കളയാനാവില്ല. കാരണം ഒരു വർഗീകരണത്തിന്റെ കീഴിലുള്ള ജാതികളിൽ എണ്ണത്തിൽ വളരെ കൂടുത ലുള്ള ജാതിയുണ്ടാകാം, അതുപോലെ എണ്ണത്തിൽ വളരെ കുറഞ്ഞ ജാതിയുണ്ടാകാം. ആദിവാസികൾക്കിടയിൽ തന്നെ വ്യത്യസ്ത തരത്തിലുള്ള സാമൂഹികാവസ്ഥ കൈവരിച്ച വിഭാഗങ്ങളാണുള്ളത്. അതു കൊണ്ടു തന്നെ അവരനുഭവക്കുന്ന അനീതികളും വ്യത്യസ്തമാണ്. അത് പരിശോധിച്ച് പരിഹാരം കണ്ടെത്താനുള്ള ഒരു സംവിധാനം ഉയർന്നു വരണമെന്നു തന്നെയാണ് എന്റെ അഭിപ്രായം.അത് സംവരണത്തിനെ കൂടുതൽ

ശക്തിപ്പെടുത്തുകയാണ് ചെയ്യുക .അത് സംവരണത്തിന്റെ ലക്ഷ്യത്തെ കൂടുതൽ ജനങ്ങളി ലേക്ക് എത്തിക്കുകയാണ് ചെയ്യുക.

**ചോദ്യം അഞ്ച്**
**സംവരണത്തിന്റെ അന്ത്യം എങ്ങനെയായിരിക്കും?**

ഇന്ത്യയിൽ സംവരണമെന്നൊരു ഭരണഘടനാ സംവിധാനം രൂപപ്പെടാനുള്ള സാമൂഹിക അടിത്തറയായി നിലനിൽക്കുന്നത് വിവേചനമാണ്. അതിനാൽ വിവേചനത്തിനെതിരായ ഒരു പൊതുസമൂഹം രൂപം കൊള്ളുകയും അങ്ങനെ വിവേചനം താരതമ്യേന ദുർബലമോ അപ്രത്യക്ഷമോ ആകുന്ന ഘട്ടത്തിലാണ് അത് സംഭവിക്കുന്നത്. അത് സ്റ്റേറ്റിനു മാത്രമായി ചെയ്യാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. വിവേചനത്തിനെതിരെ ജാഗ്രതയുള്ള ഒരു സമൂഹം ഉണ്ടാവുകയാണ് അതിനു വേണ്ടത്. ഉദാഹരണമായി എന്റെ വീടിനിടതുവശത്ത് താമസിക്കുന്നത് നായർ വിഭാഗത്തിൽ നിന്നുള്ള ഒരു വ്യക്തിയും എൻറെ വീടിന്റെ മുൻവശ ത്ത് താമസിക്കുന്നത് ഒരു ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുള്ള വ്യക്തിയും എൻറെ വീടിന്റെ വലതുവശത്ത് താമസിക്കുന്നത് ഒരു ഈഴവ വിഭാഗത്തിൽപ്പെട്ട വ്യക്തിയുമാണെന്ന് കരു തുക. ഒരു ദിവസം ഈ നായർ വിഭാഗത്തിൽപ്പെട്ടയാൾ എന്നെ ജാതീയമായി അധിക്ഷേപിച്ചാൽ അതൊരു തെറ്റാണെന്ന് എന്റെ വീടിനുമുന്നിലുള്ള ക്രിസ്ത്യാനിക്കും എൻറെ വീടിനു വലതുവശത്തുള്ള ഈഴവനും ഒരുപോലെ തോന്നണം. അല്ലാതെ ഞാനും എന്റെ സമുദായത്തിൽപ്പെട്ടവരും മാത്രം അതിനെതിരെ പ്രതിഷേധിച്ചിട്ട് കാര്യമില്ല. അതിനാൽ ജാതിയമായ സാമൂഹ്യ വിവേചനത്തിനെതിരെ ഒരുപോലെ ചിന്തിക്കുന്ന സമൂഹ മുണ്ടാകുമ്പോൾ മാത്രമേ സംവരണം എന്ന ആശയം അപ്രസക്തമാവുകയുള്ളു.

**ചോദ്യം ആറ്**
**ഇവിടെ ജാതിയില്ല ജാതികളെയുള്ളൂ എന്ന് പറയുന്നതുപോലെ ഇവിടെ സംവരണമില്ല സംവരണങ്ങളെയുള്ളൂ എന്ന് പറയാൻ സാധിക്കുമൊ?**

തീർച്ചയായും പറയാൻ കഴിയും ഇന്ത്യ എന്ന രാഷ്ട്രം ജനാധിപത്യം ആയിരിക്കുന്നത് അത് വ്യത്യസ്തമായ അവകാശങ്ങളുടെ വലിയൊരു സമാഹാരം കൂടിയായതുകൊണ്ടാണ്. വ്യത്യസ്തമായ ജനാവലി ഇവിടെ ജീവിക്കുന്നുണ്ട്. അതിൽ വ്യത്യസ്തമായ മത വിഭാഗങ്ങ ളുണ്ട്, ജാതി വിഭാഗങ്ങളുണ്ട്, വർഗ്ഗ വിഭാഗങ്ങളുണ്ട്, വംശ വിഭാഗങ്ങളുണ്ട്, ലിംഗവിഭാഗ ങ്ങളുണ്ട്, ഭാഷാ വിഭാഗങ്ങളുണ്ട്. ഇങ്ങനെ ഒട്ടനവധി വൈവിധ്യങ്ങൾ ഇന്ത്യൻ സമൂഹത്തി ലുണ്ട്. ഇത്തരത്തിൽ വൈവിധ്യപൂർണ്ണമായ സമൂഹത്തിലെ വ്യത്യസ്തരായ വിഭാഗങ്ങൾക്ക് ഈ രാഷ്ട്രത്തിലെ പങ്കാളിത്തം എന്തായിരിക്കണം എന്ന് ഉറപ്പുവരുത്തുന്ന സവിശേഷ അധികാരങ്ങളുടെ വലിയൊരു സമാഹാരമാണ് ഇന്ത്യൻ ഭരണഘടന. അതിൽ ഒന്ന് മാത്രമാണ് സംവരണമെന്നത്. അത് കൂടാതെ മതന്യൂനപക്ഷങ്ങൾക്കുള്ള പ്രത്യേക അവകാ ശങ്ങളുണ്ട്, ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള പ്രത്യേക അവകാശങ്ങളുണ്ട്, ആദിവാസികൾ ക്കുള്ള സ്വയംഭരണാവകാശങ്ങളുണ്ട്, കാശ്മീർ പോലുള്ള പ്രദേശങ്ങൾക്കുള്ള പ്രത്യേക പദവികൾ, കുട്ടികൾക്കും സ്ത്രീകൾക്കുമുള്ള പ്രത്യേക അവകാശങ്ങളുണ്ട്,

അങ്ങനെ നോക്കിയാൽ പ്രത്യേക അവകാശങ്ങളുടെ ഒരു ശൃംഖല തന്നെ ഇന്ത്യയിലുണ്ട്. അതുകൊണ്ടാണ് ഇവിടെ സംവരണമില്ല സംവരണങ്ങളേയുള്ളൂ എന്ന് പറയുന്നത്.. ഇത്തരത്തിലുള്ള പരിഗണനകളുള്ളതുകൊണ്ടാണ് ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാകുന്നത്. അല്ലാതെ കേവലം പൗരാവകാശങ്ങൾ മാത്രമുള്ളത് കൊണ്ടല്ല. ഉദാഹരണമായി സംവരണമില്ലാത്ത മേഖലകളിൽ ഒരു ദളിതനെ പോലും നമുക്ക് കാണാൻ കഴിയില്ല. അത് നമുക്കെളുപ്പം മനസ്സിലാക്കാൻ കഴിയുന്നത് ഇന്ത്യയിലെ മാധ്യമ വിഭാഗത്തിലാണ്. സംവരണമില്ലാത്ത ഒരു മേഖലയാണത്. അതുകൊണ്ടു തന്നെ ആ മേഖലയിലെ സുപ്രധാന സ്ഥാനങ്ങളിലൊന്നും ഒരു ദളിതനെ നമുക്ക് കാണാൻ കഴിയില്ല.. എന്നാൽ കളക്ടർമാർക്കിടയിൽ നമുക്ക് ദളിതരെ കാണാൻ കഴിയും, അത് അവിടെ സംവരണം ഉള്ളതുകൊണ്ടാണ്. അങ്ങനെ വ്യത്യസ്തമായ വിഭാഗങ്ങളെ ഉൾക്കൊള്ളേണ്ടതുണ്ടെന്ന് ഭരണഘടന വിഭാവനം ചെയ്യുമ്പോൾ അത് അനുസരിക്കാത്ത സംവിധാനങ്ങൾ ഭരണത്തിനു കീഴിൽ തന്നെയുണ്ടെന്ന് നാം മനസ്സിലാക്കണം. ഉദാഹരണമായി, എയ്ഡഡ് മേഘലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അൻപതു ശതമാനം അധ്യാപകരെയും അവരുടെ സമുദായത്തിൽ നിന്നു തന്നെ തിരഞ്ഞെടുക്കാം. ബാക്കി അൻപതു ശതമാനം ഓപ്പൺ മെറിറ്റാണ്. എന്നാൽ ആ അൻപതു ശതമാനത്തിലും ആ സമുദായക്കാരെ തന്നെയാണ് നമുക്ക് കാണാൻ കഴിയുക.. എന്തുകൊണ്ടിവർക്ക് ഒരു ദളിതനെ ഓപ്പൺ മെറിറ്റിൽ പ്രവേശിപ്പിക്കാൻ കഴിയുന്നില്ല. പൊട്ടും പൊടിയും പോലെ ഒന്നോ രണ്ടോ പേരെ ചിലപ്പോൾ കണ്ടെത്താൻ കഴിഞ്ഞേക്കും. അതല്ലല്ലോ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്.. ഇന്ത്യൻ ഭരണഘടന മുന്നോട്ട് വയ്ക്കുന്ന പ്രത്യേക അവകാശങ്ങളെ മാനിക്കാൻ നമ്മൾ പഠിക്കണം. ജാതിക്കെതിരായി ചിന്തിക്കാത്ത ഒരാൾ സംവരണ വിരുദ്ധമായല്ലാതെ എങ്ങനെ ചിന്തിക്കാനാണ്. അതിനെ മറികടക്കാൻ സാമൂഹ്യമായ അവബോധം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. അതിനു നമ്മുടെ വിദ്യാർത്ഥികൾക്ക് സാധിക്കണം

ഇത്രയും  പറഞ്ഞദ്ദേഹം അവസാനിപ്പിച്ചു. ഉള്ളിലുണ്ടായിരുന്ന സംശയങ്ങൾക്കെല്ലാം മറുപടിയുമായി ഞങ്ങൾ ആ വീട്ടിൽ നിന്നിറങ്ങി. പിന്നീടങ്ങോട്ടുള്ള മടക്കയാത്രയിൽ എന്റെ മനസ്സിൽ അദ്ദേഹത്തിന്റെ വാക്കുകൾ വന്നു നിറഞ്ഞുകൊണ്ടിരുന്നു. അതെ ഇവിടെ സംവരണമില്ല സംവരണങ്ങളേയുള്ളൂ



# ഒറ്റച്ചിറകൻ



പൂമ്പാറ്റമരത്തെ ലക്ഷ്യമാക്കി തന്റെ
കാമുകൻ പറന്നു വരുന്നത് നോക്കിക്കൊണ്ട്
അവൻ തന്റെ ദ്രവിച്ച വലത്തെ ചിറക്
ഇളക്കിനോക്കി. ഒരിക്കൽ
താനും ഇരുചിറകടിച്ചു നടന്നൊരു
ശലഭമായിരുന്നു,തന്റെ കാമുകനെ പോലെ.
അതൊക്കെ പണ്ടായിരുന്നല്ലോ. പണ്ട് !

പണ്ട് ഈ കലാലയം ചിത്ര
ശലഭങ്ങളുടേതായിരുന്നത്രെ !
അമ്മ പറഞ്ഞു തന്നത്
നുണകഥയായിരുന്നോ? കാട് കയറി
തിരിച്ചിറങ്ങിയപ്പോഴേക്കും
കാമുകനിങ്ങെത്തി.
എന്തേ വരാൻ പറഞ്ഞേ?
ഒന്ന് കാണാൻ!
എന്നെയോ?
അല്ല,
പിന്നെ?
ഈ കോളേജ്!
ചെറുപുഞ്ചിരി.
ഒറ്റചിറകനെയും തോളിലേറ്റി കാമുകൻ
ചിറകടിച്ചുയർന്നു.ലൈബ്രറിക്ക് മുകളിൽ
ഒരു ആൽമരം വളരുന്നുണ്ട്.
പൂത്തുനിൽക്കുന്ന പൂവാകയും സീസിയും
കണ്ടു.യൂസി മുഴുവനായും
കണ്ടു. ഇന്നിവിടെ ചിറകുകളില്ലാത്ത



വിദ്യാർത്ഥികളാണ് .

കച്ചേരിമാളികയ്ക് മുകളിൽ നിന്നാൽ ജീവിതങ്ങൾ എത്തി നോക്കുന്ന ക്യാമറ കാണാം.അതിനെ നോക്കി ഗോഷ്ഠികൾ കാണിക്കുന്നതിനിടയിൽ കാമുകന് അസഹ്യമായൊരു വേദന.അവൻ പുളയുവാനും ഞെരിഞ്ഞമരുവാനും തുടങ്ങി. അവന്റെ ഇടത്തെ ചിറക് ദ്രവിച്ചു തുടങ്ങിയിരിക്കുന്നു.

നിസ്സഹായതയോടെ അവർ പരസ്പരം നോക്കി.

.................................................................................................

ഞെട്ടലോടെയാണ് എഴുന്നേറ്റത്.എഴുതി മുഴുവിപ്പിക്കാത്ത ഒറ്റചിറകന്റെ കഥ സ്വപ്നത്തിൽ വന്ന് ശല്യം ചെയ്യുമെന്ന് ഒട്ടും വിചാരിച്ചില്ല.
പെട്ടെന്നാണ് അത് ശ്രദ്ധിച്ചത്,
കൈവെള്ളയിൽ ഒരു മഞ്ചാടിക്കുരു.
എവിടുന്ന് വന്നാവോ?
എത്ര ശ്രമിച്ചിട്ടും അത് കൈവെള്ളയിൽ നിന്നും കളയാൻ കഴിയുന്നില്ല. സ്വപ്നം അവസാനിക്കാത്തതാണോ എന്ന് തോന്നി പോയി.
സംശയങ്ങൾ...

മഞ്ചാടിയുമായി റൂമിൽ നിന്നിറങ്ങി, വാർഡനെ ഏൽപ്പിച്ച മൊബൈൽ ഫോൺ തിരിച്ചു വാങ്ങുവാൻ നടന്നു.മെൻസ് ഹോസ്റ്റലിൽ അവന്മാർക്കെന്ത് സുഖം.
കൈവെള്ളയിൽ മഞ്ചാടി രണ്ടുള്ളത് പോലെ.
അല്ല. രണ്ടുണ്ട്.
ഇതെന്ത് മറിമായം.
ഇനിയതും ചിന്തിച്ചു നടക്കുവാൻ സമയമില്ല.
രണ്ടല്ല നൂറ് മഞ്ചാടി വന്നാലും ഞാൻ

കയ്യിലൊതുക്കും.

അവളിപ്പോൾ ബിബിസിയിൽ കാത്തിരിപ്പുണ്ടാവും.
പുറത്തിറങ്ങണമെങ്കിൽ കാര്യവിവരം വാർഡനെ ധരിപ്പിക്കണം.
മഞ്ചാടി മൂന്ന്
ഇത് കൂടി കൂടി വരുവാണല്ലോ.

---

കയ്യിലെ മഞ്ചാടി കുരുക്കൾ എണ്ണി എണ്ണി ചാപ്പൽ വരെയെത്തി.ദൂരെ അവൾ ഇരുപ്പുണ്ട്.
'രണ്ടും മറ്റേതാ' ന്ന് അവന്മാർ പറയുന്നത് കേട്ടിട്ടും മിണ്ടാതെ നടന്നു.
കൈവെള്ളയിൽ മഞ്ചാടി നാല്.

---

നശിച്ച മഞ്ചാടിക്കുരുക്കൾ ഒളിപ്പിക്കുന്നതിനിടയിൽ അവളോരൊടൊന്ന് മര്യാദക്ക് മിണ്ടാൻ പോലും കഴിയാത്തതിന്റെ ദേഷ്യം റൂമിന്റെ വാതിൽ കൊട്ടിയടച്ചു തീർത്തു.

ദിവസങ്ങൾ നീങ്ങി.
കയ്യിൽ മഞ്ചാടിക്കുരു 33.
ഓരോ വട്ടം ഇങ്ങനെ മുഖം തിരിച്ചു നടന്നപ്പോഴും ഒരോ മഞ്ചാടി കൂടി.

ഇനി അവളോട് പറയാതെ പറ്റില്ല.
എത്ര തവണയാണ് വയറു വേദനയെന്നു കള്ളം പറയാ ?.

അവൾ ബിബിസിയിൽ തന്നെയുണ്ടായിരുന്നു.

നിന്നോടൊരു കാര്യം പറയാനുണ്ടായിരുന്നു.

ഞാൻ എന്റെ കൈവെള്ള തുറന്നു കാട്ടി,
മഞ്ചാടി കുരു 34.
ഞെട്ടലോടെ അവൾ നിന്നു. ആ നിൽപ്പിൽ അവളുടെ ഉള്ളം
കൈ തുറന്നു,
നിറയെ മഞ്ചാടി കുരുക്കൾ.

---

ഒറ്റചിറകുകൾ മാത്രമുള്ള അവരുടെ കണ്ണുകളിൽ പ്രതീക്ഷ നിറഞ്ഞു.ഒന്നിന് ഇടതും ഒന്നിന്

വലതും . പരസ്പരം തോളോട് തോൾ ചേർത്ത് പിടിച്ചു. പറന്നുയർന്നു.
താഴെ കൈവെള്ളയിൽ നിറയുന്ന മഞ്ചാടികുരുക്കൾ
ഒളിപ്പിക്കുവാൻ കഷ്ടപ്പെടുന്നൊരു സമൂഹം !




MANIFESTO


കഴുത്തോളം പൊന്തിയ വെള്ളം ഇന്നലെകളിൽ നിന്നും
ചിന്തയെ ഇന്നിലേക്ക് വലിച്ചിഴച്ചു.
ഇനിയും ഭയപ്പെട്ടിരിക്കാൻ വയ്യ.
മനസ്സിലുറപ്പിച്ചു, അതിജീവിക്കണം.
MANIFESTO


പ്രതീക്ഷ


പുറത്ത് ഒരു വഞ്ചി പോവുന്നുണ്ടായിരുന്നു.
അതിലേക്ക് അവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനിടെ അറിയാതെ
മത്സ്യബന്ധനത്തിനു പോകുന്ന ആ വഞ്ചിയുടെ പേരും മനസ്സിൽ പതിഞ്ഞു,
"പ്രതീക്ഷ"


വണ്ടിയിൽ നിന്നും
വലിയൊരു ലോറിയിലേക്ക് മാറിയ യാത്ര
അവസാനം ഇവിടെയെത്തി നിന്നു.




ഇനി വെള്ളമിറങ്ങും വരെ എന്റെ കൂരയതാണത്രേ.
ഞാൻ എന്റെ ജീവിതത്തിൽ കണ്ടതിൽ
ഏറ്റവും നല്ല കാഴ്ചയിതാണ് എന്ന് തോന്നിപോയി.
ഭൂമിയിലൊരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടയാണ്.ഇവിടെ മാത്രമാണ്.
മുഖമോർമ്മയില്ലാത്തൊരു വിദ്യാർത്ഥി എന്നോട് വന്നു പറഞ്ഞു
യൂസി കോളേജ് ദുരിതാശ്വാസ ക്യാമ്പിലേക്ക് സ്വാഗതം.
യൂസി നിനക്ക് നന്ദി.

സാധാരണയിൽ നിന്നും 75% മുകളിൽ മഴ പെയ്ത കേരളത്തിൽ ആഗസ്റ്റ് 15,2018 മുതൽ ഒരു മഹാപ്രളയം ഉടലെടുത്തു. പ്രളയത്തെ ചെറുത്തു തോൽപ്പിക്കുന്നതിൽ സർക്കാരും ജനങ്ങളും ഒരുപോലെ പ്രയത്നിച്ചു. നാം അതിജീവിക്കുക തന്നെ ചെയ്തു.

ക്യാമ്പസ് ഇടം സമീപത്തെ ഏറ്റവും ഉയർന്ന പ്രദേശമായതിനാൽ പ്ര ളയകാലയളവിൽ യൂസി കോളേജ് കേരളത്തിലെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാമ്പായി രൂപം കൊണ്ടു. പതിനായിരത്തിലേറെ പ്രളയ ബാധിതർക്ക് യൂസി ഒരു തണലായി നിലകൊണ്ടു.

വിദ്യാർത്ഥി സംഘടനകൾ മുഖേനയും NCC,NSS മുഖേനയും യൂസിയൻ സമൂഹം ഊർജ്ജസ്വലമായി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു. 17 മുതൽ 24 വയസ്സ് വരെയുള്ള ചില വിദ്യാർഥികൾ ഏതാനും അധ്യാപകർക്കൊപ്പം സംസ്ഥാനത്തെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാമ്പ് ആദ്യ ദിനങ്ങളിൽ ചലിപ്പിച്ചത് സാമൂഹ്യ പ്രശംസ നേടി.

ചരിത്രത്തിൽ ഈ ക്യാമ്പസും ഇവിടെയുണ്ടായിരുന്ന സമൂഹവും അതിജീവനത്തിന്റെ പാഠങ്ങൾ ലോകത്തെ പഠിപ്പിക്കും.



# പ്രളയം ഡയറീസ്.....

പ്രളയകാലത്തെ യൂസി
ചെയർമാന്റെ ഓർമയിൽ

**ആഗസ്ത് 15, 2019**
**രാത്രി.**

കനത്ത മഴമൂലമുണ്ടായ പ്രളയത്തെ തുടർന്ന് യൂസി കോളേജിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചു. വൈകുന്നേരം മുതൽക്കേതന്നെ സംഭ്രാമിതരായ ആളുകൾ ടാഗോറിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. ദൈന്യത നിറഞ്ഞ മുഖങ്ങളായിരുന്നു എല്ലായിടത്തും. പ്രളയ ജലം വീടുകളിലേക്കിരച്ചു കയറിയപ്പോൾ 'നനഞ്ഞ പ്രാണനുമായി ' ക്യാമ്പിലേക്ക് ഓടിക്കയറിയവരായിരുന്നു അവർ.
വലിയ പ്രതിസന്ധികളായിരുന്നു ആദ്യ ദിനം മുതൽ വോളന്റീർസ് എന്ന നിലയിൽ ഞങ്ങൾക്ക് നേരിടേണ്ടി വന്നത്. ക്യാമ്പിലേക്ക് സഹായികളെ ആവശ്യമുണ്ടെന്നറിഞ്ഞുവന്ന ഒരു ക്യാമ്പിൽ പങ്കെടുത്തുപോലും പരിചയമില്ലാത്ത ഞങ്ങൾക്ക് ആ ക്യാമ്പിനെ നിയന്ത്രിക്കേണ്ട ചുമതല ഏറ്റെടുക്കേണ്ടി വന്നു .
മുട്ടോളവും അരയോളവുമുള്ള വെള്ളത്തിലൂടെ നീന്തിയും നനഞ്ഞുമെത്തിയ ആളുകളുടെ കയ്യിൽ ഉടുത്തുമാറാൻ തുണിയോ കിടന്നുറങ്ങാൻ പായയോ ഒന്നുമുണ്ടായിരുന്നില്ല.ആരോ എത്തിച്ച ബ്രെഡും കറിയും അത്താഴമായി വിളമ്പി. ഭൂരിഭാഗം പേർക്കും അന്ന് വിശപ്പുണ്ടായിരുന്നില്ല. ആധി മാത്രം....

ജില്ലാ മെഡിക്കൽ ഓഫീസറായിരുന്ന ഡോ. സിറാജിന്റെ സഹായത്തോടെ പാതിരാത്രി ആലുവ ഗവൺമെന്റ് ആശുപത്രിയിലെ കാന്റീൻ തുറപ്പിച്ച് പായ, മെഴുകുതിരി, ഗ്ലാസ്, പാത്രം, മുതലായ ആവശ്യവസ്തുക്കൾ കടമായി വാങ്ങി. കറന്റില്ലാത്തതിനാൽ ടാഗോർ ഹാളിൽ നിറച്ച മെഴുകുതിരി വെട്ടത്തെ കാറ്റ് ഇടക്കിടെ പരീക്ഷിച്ചുകൊണ്ടിരുന്നു.
കനത്തമഴ തുടർന്നതോടെ ടാഗോറിന് സമീപമുള്ള ഓട നിറഞ്ഞ്, വാതിലിന ടിയിലെ വിടവിലൂടെ വെള്ളം അകത്തേക്ക് കയറാൻ തുടങ്ങി. തേവികളയാൻ ദീർഘനേരം ശ്രമിച്ചെങ്കിലും പരാജയപെട്ടു. ഒടുവിൽ ഓടയിലെ ഇഷ്ടിക കമ്പി വച്ച് കുത്തി പൊളിച്ച് വെള്ളം ഒഴുക്കിവിട്ടു.
കാറിലും ലോറിയിലും ബസിലുമായി ജനം ക്യാമ്പിലേക്ക് ഒഴുകിയെത്തിയതോടെ പാതിരാത്രിക്ക് മുന്നേ തന്നെ ടാഗോർ നിറഞ്ഞു. പെട്ടെന്ന് തന്നെ VMHഉം UPയും ക്യാമ്പുകളാക്കി മാറ്റി.
പ്രതീക്ഷിച്ചതിന്റെ പത്തിരട്ടിയാളുകൾ ആദ്യദിനം തന്നെയെത്തിയപ്പോൾ സംഘാടനം ശ്രമകരമായി.
വരുന്നയാളുകൾക്ക് സ്ഥലമൊരുക്കി തന്നെ ആദ്യദിനം വെളുത്തു.



**രണ്ടാം ദിനം**

ക്യാമ്പാരംഭിക്കുമെന്ന് നേരത്തെ അഭ്യൂഹമുള്ളതിനാൽ SFIയിലെ യൂണിറ്റ് കമ്മിറ്റി അംഗങ്ങളോട് ക്യാമ്പിൽ വോളന്റീർ ആയി എത്താൻ തലേന്ന് വിളിച്ചു പറഞ്ഞിരുന്നു. കാലത്ത് 8 മണിക്ക് തന്നെ എത്താം എന്ന് അമൃതയും ഹരിതയും അറിയിച്ചിരുന്നു. എന്നാൽ പ്രളയജലം വെളുപ്പിന് 5 മണിക്ക് തന്നെ അവരെ ക്യാമ്പിലെത്തിച്ചിരുന്നു.

അന്തേവാസിയായി....

യൂസിയുടെ സ്വരമാധുരികൾ മാറ്റുരച്ച വോയ്സ് ഓഫ് യൂസി മത്സരം 2018 ഒക്ടോബർ ഒന്നാം തീയതി കച്ചേരിമാളികയ്ക്ക് മുന്നിൽ സംഘടിപ്പിച്ചു.

**Voice of UC, Best female singer** :നീമ സാറ മോഹൻ(**3rd Bsc Psychology**)

**Best male**:അജയ് കൃഷ്ണ(**2nd Bsc E &CM**)

ജോസഫ് ജോസ്,അമൽ ജിജു,പോൾ വർഗീസ്,ഓജസ്വിനി എസ്,ഗൗരി ശങ്കർ,രോഹിത്, സംഗീത എസ്,എലീസ ബാബു ,മൃദുൽ തോമസ്,ഗോപിക

*സെൽഫ് ഡിഫെൻസ് വർക്ഷോപ്പ്*

യൂസി കോളേജ് യൂണിയന്റെയും,വിമൺ സെൽ,യൂസിസിയുടെയും ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്കായി സെൽഫ് ഡിഫെൻസ് വർക്ഷോപ്പ് ഫെബ്രുവരി 19,21 തീയതികളിൽ സംഘടിപ്പിച്ചു

**Okinawa shorin ryu karate federation of india**യുടെ സ്ഥാപകൻ വി എ നസീറും സംഘവും ക്ലാസുകൾക്ക് നേതൃത്വം നൽകി.

**UC literature festival**

യൂണിയന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20,21,22 തീയതികളിൽ

**ULF** സങ്കടിപ്പിച്ചു.ഇതിനോട് അനുബന്ധിച്ച് വര ക്ലബ്ബ് യൂസിസിയുടെ ചിത്രപ്രദർശനവും, **You see UCC** യുടെ ഫോട്ടോഗ്രാഫി പ്രദർശനവും,വിദ്യാർത്ഥികളുടെ സാഹിത്യ സൃഷ്ടികളുടെ പ്രദർശനവും നടത്തി

**20/02/2019**

സൗന്ദര്യാത്മക വിദ്യാഭ്യാസം എന്ന വിഷയത്തിൽ വി പി മാർക്കോസ് സാറും, അതിജീവനകല ചെക്കുട്ടി എന്ന വിഷയത്തിൽ ശ്രീകല ടീച്ചറും സംസാരിച്ചു.

**21/02/2019**

എഴുത്തിന്റെ രാഷ്ട്രീയം എന്ന വിഷയത്തിൽ അധ്യാപിക മ്യൂസ് മേരി ജോർജും, മലയാള സിനിമയിലെ മലയാളങ്ങൾ എന്ന വിഷയത്തിൽ സിബു മോടയിൽ സാറും, സംസ്കാരം, ചരിത്രം, ചലച്ചിത്രം എന്ന വിഷയത്തിൽ സബൊസ്റ്റ്യൻ സാറും സംസാരിച്ചു.

**22/02/2019**

ഓപ്പൺ മൈക്ക് എന്ന സംഗീത പരിപാടിയും,സുഗതകുമാരിയുടെ മരിച്ച കുഞ്ഞുങ്ങൾ വരുന്നു എന്ന കവിതയുടെ നാടകാവിഷ്കാരവും നടത്തി കലാകാരി കെ വി ശ്രീജ അവതരിപ്പിച്ച മണ്ണാത്തി തെയ്യം അരങ്ങേറി. ശരീരവും സദാചാരവും എന്ന വിഷയത്തിൽ അധ്യാപിക ട്രീസ ദിവ്യ പ്രഭാഷണം നടത്തി.

വൈകീട്ട് സമാപന സമ്മേളനത്തോടെ മൂന്നു ദിവസം നീണ്ടു നിന്ന

യൂ എൽ എഫിന് സമാപനമായി.

*ലഹള 2019*

ജനുവരി 28,29,30,31 തിയതികളിൽ കോളേജ് ആർട്സ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.28,29 തീയതികളിൽ ഓഫ് സ്റ്റേജ് ഇനങ്ങളും 30,31 തിയതികളിൽ സ്റ്റേജ് ഇനങ്ങളും നടത്തി.

*അച്ഛാദിൻ 2019*

മാർച്ച് ന് സിസിയിൽ കോളേജ് ഡേ അച്ഛാദിൻ സംഘടിപ്പിച്ചു. പ്രമുഖ ചലച്ചിത്ര നായകൻ ശരത് അപ്പാനി ഉദ്ഘാടനം നിർവഹിച്ചു.


യൂണിയൻ
മൊമന്റ്സ്


നിങ്ങൾ യൂസിയിൽ
നിന്നും എന്ത് പഠിച്ചു
എന്ന ചോദ്യത്തിന്
പാഠപുസ്തകം എന്ന്
ഉത്തരം കിട്ടിയാൽ
ഞാൻ പറഞ്ഞത്
പിൻവലിക്കാം
- വി.പി. മാർക്കോസ്
#ULF










IT'S JUST BLOOD
#Know your menstruation campaign
2019 January 25


കോളേജ് യൂണിയൻ 2018-19
സുധീഷ് ശിവൻ
(ചെയർമാൻ)
അമൃത ഇ.കെ
(വി.സി.പി)
സുമിൽ കുറ്റപ്പാല
(ജി.എസ്)
അജിത്ത് എം. ആർ
(യു.യു.സി)
അഭിജിത്ത് ടി.ജെ
(യു.യു.സി)
സിദ്ധാർത്ഥ് മാധവ്
(മാഗസിൻ എഡിറ്റർ)
സാഗർ ടി.എസ്
(ആർട്സ്)
അരുൾ ദേവ്
(2nd പി.ജി റെപ്)
ഹീര കൃഷ്ണ
(ലേഡി റെപ്)
അഹാന എസ് ബാബു
(ലേഡി റെപ്)
പ്രജിത്ത് പി.പി
(1st പി.ജി റെപ്)


അഫ്സൽ എം.എം
(ക്യാന്റീൻ സെ.)
ഫാസിൽ അലസ്
(2nd ഡിസി റെപ്)
നീരജ് ദയാൽ
(3rd ഡിസി റെപ്)
ആൽബിൻ നെൽസൺ
(1st ഡിസി റെപ്)
ഫാസിൽ റസാക്ക്
(ഫിലിം ക്ലബ്ബ് സെ.)
ഗോവിന്ദ് ജി
(ക്വിസ് ക്ലബ്ബ് സെ.)
ജിജോ
(ജനറൽ ക്യാപ്റ്റൻ)
പോൾ വർഗ്ഗീസ്
(പ്ലാനിംഗ് ഫോറം)
ഹരിത എച്ച്
(എസ്.സി / എസ്.ടി റെപ്)
ജെനീഷ് പോൾ
(ആർട്സ് ക്ലബ്ബ് അഡ്വൈസർ)
റൂബി ജേക്കബ്ബ്
(ആർട്സ് ക്ലബ്ബ് അഡ്വൈസർ)
സിദ്ധാർത്ഥ ആർ
(ഡിബേറ്റ് ക്ലബ്ബ്)
വി.പി മാർക്കോസ്
(സ്റ്റാഫ് എഡിറ്റർ)
മേജർ കെ.എസ് നാരായണൻ
(യൂണിയൻ അഡ്വൈസർ)
കുര്യൻ സി സോമൻ
ഓണററി ട്രഷറർ



'ജോലിയൊന്നും ആയില്ലേ...?'
ഈ ചോദ്യമിനി വേണ്ട
EAST HOSTEL

# കലോത്സവ പ്രതിഭകൾ



ഋതിക് വൽസൻ
(സ്ട്രിങ്ങ് ഇൻസ്ട്രുമെന്റ് വെസ്റ്റേൺ, 3rd)



ശിവം ത്രിപാഠി
(ഹിന്ദി ഇലക്യൂഷൻ 3rd)



ഹീര കൃഷ്ണ ആർ
(കഥാപ്രസംഗം 3rd)



മഹേഷ് കെ വർഗ്ഗീസ്
(ഫിലിം റിവ്യൂ 3rd)



ശ്രീലക്ഷ്മി സതീശൻ
(നാടോടിനൃത്തം 1st)



എബി ജോർജ്
(ഇംഗ്ലീഷ് ഇലക്യൂഷൻ 3rd)



ജ്യോതിസ് മാത്യു
(വിന്റ് ഇൻസ്ട്രുമെന്റ് ഈസ്റ്റേൺ 3rd)



വെസ്റ്റേൺ ഗ്രൂപ്പ് സോംഗ്
(3rd)



മൈം
(2nd)

# SPORTS TEAMS



Baseball (boys)



Baseball (girls)



Rollball



Softball



Netball (girls)



Netball (boys)



Cricket (boys)


Kho Kho


Hockey (girls)


Hockey (boys)


Football


Fencing


Cricket (girls)


Basketball

# UNIVERSITY / STATE PLAYERS



Aiswarya K.S



Akhil Thomas



Akshay M.S



Amal Aji



Anandhu



Anjana N.R



Anju K



Ansu Sunil



Gijo George



Aparna K.K



Anni Mohanan



Lakshmi Priya



Krishnendu



Anikha



Saranya



Merin



Joby Joy



Kavyasree E.P



Kevin



Krishnakumar Adhikari


Amal Gopi


Amal K.B


Amrutha.S


Sandra Suren


Arathi S Unni


Ashna.A


Athul


Dion


Krishnapriya


Kochuthreasea


Valentine


Roshan


Angel Maria Varghese


Ajmal


Safwan


Sreejith


Maneesha C.K


Pranav


Rejo


Shanavas S


Vishnu Krishnan


Sourabhya P



ചൗക്കീദാർ കർഷകനോട് അടുക്കുന്നത്
കാണുവാൻ ഈ ചുവന്ന നക്ഷത്രത്തിൽ
മൂക്കുമുട്ടിച്ച് നോക്കുക



പറുദീസ

# manifesto of അതിജീവനം

റുക്സാന ഷാജി
ബി.കോം

**അവിടെയൊരു പ്രധാനപ്പെട്ട ജനനം നടന്നു. അതിജീവനത്തിന്റെ ജനനം.**





പണ്ട് പണ്ട് പണ്ട്
അങ്ങനെ യാത്ര തുടങ്ങിയ ബീജങ്ങളെല്ലാം തങ്ങൾ ലക്ഷ്യസ്ഥാനത്തെത്തുമോ എന്ന് ഭയന്നു നിന്നപ്പോൾ ഒരു ബീജം അണ്ഡത്തിൽ കൊടി നാട്ടി. അവിടെയൊരു പ്രധാനപ്പെട്ട ജനനം നടന്നു. അതിജീവനത്തിന്റെ ജനനം.

കൊന്നു തിന്നാൻ വന്ന ജീവിയെ പേടിച്ചോടിക്കൊണ്ടിരുന്ന ഒരുവൻ പെട്ടന്ന് ഓട്ടം നിർത്തി,തിരിഞ്ഞു നോക്കി. ജീവി ഓടിയടുക്കുകയായിരുന്നു. കയ്യിൽ കിട്ടിയ ഒരെല്ലിൻ കഷണമെടുത്ത് ഒരൊറ്റ വീശ്. ജീവി ഡിം. അതിജീവനം മനുഷ്യന് ആയുധത്തെ കാട്ടികൊടുത്തു. അതിജീവനം ജനിച്ചത് ലോകം വളരെ പെട്ടന്നറിഞ്ഞു. എന്നാൽ കാലിത്തൊഴുത്തിൽ ചെന്ന് നോക്കിയവർ പശുക്കളെ മാത്രമെ കണ്ടുള്ളൂ. അതിജീവനത്തിലേക്കെത്താൻ ഏത് നക്ഷത്രം നോക്കി പോകണമെന്നാലോചിച്ചു മനുഷ്യർ രാത്രികൾ തള്ളി നീക്കി. എന്നാൽ ജനിച്ചയുടൻ ഒളിവിൽ പോയ അതിജീവനം എന്ന രക്ഷകൻ എവിടെയെന്നാരുമറിഞ്ഞില്ല.

മനുഷ്യൻ കാണുന്നതെല്ലാം ഭയന്നു. എന്നാൽ മനുഷ്യന്റെ കണ്ടുപിടുത്തങ്ങളെല്ലാം അതി ജീവനത്തിന് വേണ്ടിയായിരുന്നു.അങ്ങനെ അതിജീവനം തീയെ പ്രസവിച്ചു, മരുന്നുകളെ പ്രസവിച്ചു, ചക്രങ്ങളെ പ്രസവിച്ചു. ഭയം ഭരിക്കുന്ന കാലത്ത് പ്രതീക്ഷ ഒരു പ്രസവ വാർഡിനു മുൻപിൽ പ്രതീക്ഷിച്ചിരുന്നു. ഇരുട്ടിനോടുള്ള ഭയം കൊണ്ടൊരുവൻ വെളിച്ചം കണ്ടുപിടിച്ചു. ചിന്തകൾ പുകഞ്ഞു, ജനനങ്ങൾ നടന്നു യേശുവും മാർക്സും ജനിച്ചു. അതിജീവനം ഭയത്തിനെതിരായ യുദ്ധങ്ങൾ തോൽക്കുകയും ജയിക്കുകയും ചെയ്തു. ക്രൂരനായ ഭരണാധികാരികൾ ശക്തിപ്പെട്ടപ്പോൾ അതിജീവനം വിപ്ലവങ്ങൾ നയിച്ചു. ഭയം ഒറ്റപെടുത്തിയവർ പതിയെ സംഘടിച്ചു. അതിജീവിച്ചവരെ ലോകം വാഴ്ത്തി. അതിജീവനകാവ്യങ്ങളുണ്ടായി. ചിലർ അതിജീവിച്ചവരെ ദൈവമാക്കി എന്നിട്ടാ ദൈവത്തെ ഭയന്നു.





എങ്ങനെ അതിജീവിക്കണം എന്ന അഭിപ്രായങ്ങൾ നിറഞ്ഞു. ലോകം ഇടത്തേക്കും വലത്തേക്കും ഓടി.

അതിജീവിക്കുവാനുള്ള ശ്രമങ്ങളാണ് ജീവിതം. ഓരോ മനുഷ്യനും ജീവിതം കൊണ്ടൊരു പ്രത്യയശാസ്ത്രമെഴുതുന്നുണ്ട്, അതിജീവനത്തിന്റെ പ്രത്യയശാസ്ത്രം.

കാലം നീങ്ങിയപ്പോൾ പതിയെ ഭയപ്പെടുത്തിയവർ ഭയന്നു തുടങ്ങി. പഞ്ചമി പഠിച്ചതിൽ നിന്നും കുന്നുകൾ പൊതുവിടങ്ങളായത് വരെ നീളുന്നത് നിലനിന്ന സാഹചര്യങ്ങളെ ഒരു സമൂഹം അതിജീവിച്ച കഥയാണ്. അതിജീവിക്കാൻ മടിക്കാണിച്ചവർക്കും അതിജീവിക്കില്ലെന്ന് വാശിപിടിച്ചവർക്കും



**ലോകം ഇടത്തേക്കും വലത്തേക്കും ഓടി.**



# എല്ലാ പ്രതീക്ഷയും അതിജീവനത്തിലാണ്.

കാലക്രമേണ വംശനാശം സംഭവിച്ചു.

അതിജീവനം അനിവാര്യതയായി.
എല്ലാ പ്രതീക്ഷയും അതിജീവനത്തിലാണ്.

എന്നാൽ, ഇന്നും ചിരിപ്പിക്കുന്നത് അതിജീവനത്തെ തൊഴുത്തിലും ആകാശത്തിലും തിരഞ്ഞവരാണ്. അവരറിയുന്നില്ലല്ലോ അതിജീവിനം ജനിച്ചു വീണത് അവരുടെ തന്നെയുള്ളിലാണെന്ന്.



# സ്നൈപ്പർ

അജിത്ത് എം ആർ
ബി.കോം

മേഘങ്ങൾക്കു മുകളിൽ
സ്നൈപ്പറുമായി ഇരിപ്പൂ
രക്ഷകനും ശിക്ഷകനുമായ
നമ്മുടെ 'പ്രമുഖൻ,
കക്ഷി പഞ്ച പാവമാണ്,
ചിലരെയൊക്കെ പേടിയാണ്,
കറുത്ത നിറമുള്ളവർ,
സ്ത്രീകൾ
അങ്ങനെ അങ്ങനെ...
ഒരിക്കൽ താഴോട്ട് നോക്കിയപ്പോൾ
ഒരു പ്രണയജോടിയെകണ്ടു
പിസ്റ്റൽ എടുത്ത്
ഒറ്റവെടി
ഠോ!!
അതവിടെ തീർന്നു
സ്വവർഗ്ഗാനുരാഗികൾക്കെതിരെ
കക്ഷി ഷോട്ട്ഗൺ ഉപയോഗിച്ചു
ആർത്തവമുള്ളവർക്കെതിരെ
എ കെ 47 ഉം
പിന്നീടൊരിക്കൽ ഒരു വലിയ കൂട്ടം
മല കയറിവരുന്നതുകണ്ടു
പീരങ്കികൾ തയ്യാറായപ്പോഴേക്കും
തലയ്ക്കുപുറകിൽ ആരോ തോക്ക് ചൂണ്ടി
ആരാണ് നിങ്ങൾ?കക്ഷി ചോദിച്ചു
മലകയറിയെത്തിയ പെണ്ണുങ്ങളാണ്
ഞങ്ങൾ
ഇപ്പോൾ ചില മലകൾ മേഘങ്ങൾക്കുമുകളി
ലാണ്
ചില മനുഷ്യർ വിശ്വാസങ്ങൾക്കു മുകളിലും
ഒരു സംശയം മാത്രം
എന്തുകൊണ്ട് എല്ലായിടത്തും 'പ്രമുഖൻ'?
അത് പിന്നെ,
ആണല്ലെങ്കിൽ ഒരു ഗുമ്മില്ലല്ലോ'


വേലിക്കിപ്പുറം നിന്ന്
അവൾക്കായി ഞാൻ
അപ്പുറത്തേക്ക് ഊതി പറത്തി
വിട്ടത് ഫ്ളയിങ് കിസ്സ് അല്ല
രാജ്യദ്രോഹമായിരുന്നത്രെ.
എന്താലെ ?

മഹേഷ് വർഗീസ്
ഇംഗ്ലീഷ് പി.ജി

# പമ്പ കടന്ന വിശ്വാസം

മിലീന
ഹിസ്റ്ററി ബിരുദം

പോരാടി പിറന്ന നാടാണ് കേരളം. കേരളമെന്ന് കേട്ടാൽ തിളയ്ക്കുന്ന ചോരയെ കുറിച്ചാണ് വള്ളത്തോൾ പാടിയിട്ടുള്ളത്. കേരളത്തിന്റെ സാമൂഹ്യ വളർച്ച അത്ര കണ്ട് വേരുറച്ചതായിരുന്നു. എന്നാൽ കേരളത്തിന് മാത്രം അവകാശപ്പെടാവുന്ന നവോത്ഥാനം അതിന്റെ ഏറ്റവും ദുർബലമായ ഇടങ്ങളിലേക്ക് ഒതുങ്ങി പോകുവാൻ മാത്രം, സമീപകാല രാഷ്ട്രീയതാൽപ്പര്യങ്ങളും, സാമൂഹ്യ യാഥാസ്ഥിതികത്വവും, മത മുതലെടുപ്പും അത്രയും വികൃതമായി വളർന്നു കഴിഞ്ഞു.
പ്രളയാനന്തര കേരളത്തെ,ജാതിയുടെയും മതത്തിന്റെയും ചുഴികളിൽ ആഴ്ത്തുകയും ലിംഗരാഷ്ട്രീയത്തിന്റെ ശരികേടുകളെ, കുത്തൊഴുക്കിൽ പിടിച്ചുലക്കുകയും ചെയ്ത ഒന്നായിരുന്നു,ഒരു കൂട്ടം വലതു പക്ഷ രാഷ്ട്രീയ കക്ഷികൾ ദുർവ്യാഖ്യാനം ചെയ്ത ശബരിമല സ്ത്രീപ്രവേശനത്തെ സംബന്ധിച്ച 2018 സെപ്റ്റംബർ 29 ലെ കോടതിവിധി. പ്രഥമദൃഷ്ട്യാ മതനിരപേക്ഷമെന്ന് ധരിച്ചിരുന്ന കേരളത്തിന്റെ സംസ്കാരിക മണ്ഡലങ്ങളെ ഞെട്ടിക്കുന്ന പ്രത്യാഘാതങ്ങളായിരുന്നു/പ്രതികരണങ്ങളായിരുന്നു പിന്നീട് ഉയർന്നത്. ആചാരം,നൈഷ്ഠികത, ബ്രഹ്മചര്യം എന്നീ വാക്കുകൾ ചാനൽ ചർച്ചകളിൽ മുഴങ്ങികേട്ടു. വാർത്തകളും സത്യങ്ങളും വളച്ചൊടിക്കപ്പെട്ടു. സത്യാനന്തര രാഷ്ട്രീയത്തിന്റെ എല്ലാ ലക്ഷണങ്ങളും പ്രതിഫലിച്ച പ്രവർത്തന പ്രക്രിയകളായിരുന്നു നാം പിന്നീട് കണ്ടത്. ഈ ലേഖനം അത്തരം ചില സത്യാനന്തര അവകാശവാദങ്ങളെ (**Post Truth Claims**) പ്രശ്ന വത്കരിച്ചുകൊണ്ട് സമീപകാല രാഷ്ട്രീയ സാമൂഹ്യ ചലനങ്ങളെ ശബരിമലയിലൂടെ പഠന വിധേയമാക്കുന്നു.

സത്യാനന്തരത, വസ്തുതകളെ മറക്കാനുള്ള വികാരങ്ങളുടെ മുതലെടുപ്പാകുന്നു. ശബരിമലയുമായി ബന്ധപെട്ട ആദ്യവാദം അയ്യപ്പന്റെ നൈഷ്ഠിക ബ്രഹ്മചര്യത്തെ കുറിച്ചുള്ളതായിരുന്നു. 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കുന്നത് അയ്യപ്പന്റെ ബ്രഹ്മചര്യത്തെ ബാധിക്കുമെന്നുള്ള വാദം ഏറെ ചർച്ചകൾക്ക് വഴിയൊരുക്കി. ആരാണ് നൈഷ്ഠിക ബ്രഹ്മചാരി? ഒരാൾ ആയുഷ്കാലം മുഴുവൻ ബ്രഹ്മചര്യം സ്വീകരിച്ചാൽ അയാളെ നൈഷ്ഠിക ബ്രഹ്മചാരിയെന്ന് വിളിക്കാം. നൈഷ്ഠിക ബ്രഹ്മചര്യം ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്തമാകുമ്പോൾ ഒരു സമൂഹം മുഴുവൻ അതിനു വേണ്ടി അലമുറയിടുന്നത് യുക്തിരഹിതം തന്നെയാണ്. സ്ത്രീകളെ കാണരുതെന്നോ സമീപത്തു വരരുതെന്നോ നൈഷ്ഠികതയുടെ മാനദണ്ഡം ആകുന്നില്ല. ആരാധിക്കാൻ മാത്രം വരുന്ന സ്ത്രീകളെ കാണുന്ന മാത്രയിൽ, ഭഗവാന്റെ നൈഷ്ഠികതയെ ചോദ്യം ചെയ്തേക്കാം എന്ന ഭക്തവിചാരം, അയ്യപ്പനെ എത്രമാത്രം ദുർബലനാക്കുന്നുവെന്ന് ഈ

വാദക്കാർ ആലോചിക്കുന്നില്ല. ഭഗവാന്റെ ബ്രഹ്മചര്യം ഭക്തരുടെ കടമയാകുകയാണ് ഇവിടെ. എല്ലാ മതങ്ങളും പുരുഷന്റെ മാത്രം ആഖ്യാനങ്ങളാണെന്ന വസ്തുത അംഗീകരിക്കാൻ കഴിയാത്തവിധം മതം പ്രിവിലേജ് ഇടങ്ങളായി മാറികഴിഞ്ഞു. എല്ലാ പ്രമുഖ ദൈവങ്ങളും യുഗപുരുഷന്മാരും പ്രവാചകരും ആണായി മാത്രം പിറന്നതെന്തേ എന്ന് ആലോചിക്കാവുന്നതാണ്.

ആചാരസംരക്ഷണം എന്ന രണ്ടാമത്തെ വാദത്തിന്റെ ചുമര് താങ്ങിയാണ് സത്യാനന്തരത ഏറ്റവും പ്രകടമായി കേരളത്തിന്റെ രാഷ്ട്രീയസമാധാനത്തിനു മേൽ വിഷം ചീറ്റിയെറിഞ്ഞത്. ശബരിമലയിലെ സ്ത്രീ പ്രവേശന വിലക്ക് കാലങ്ങളായി നിലനിന്നിരുന്ന ഒരാചാരമായിട്ടാണ് പരിഗണിക്കപ്പെട്ടത്. എന്നാൽ ചരിത്രം പരിശോധിക്കുമ്പോൾ ഈ വാദവും വെറും ചീട്ടു കൊട്ടാരമാകുന്നു. പാരമ്പര്യമെന്ന് അവകാശപ്പെടുന്നതിന്റെ തുടക്കം 1951ൽ മാത്രമാണെന്ന് തിരിച്ചറിയപ്പെടുമ്പോഴും ചരിത്രനിർമാണത്തിന്റെ ബോധതലങ്ങളിൽ നടക്കുന്ന വടംവലികൾ ശക്തമായി മുറുകുകയാണ്. ലക്ഷ്മി രാജീവ് എഡിറ്റ് ചെയ്ത 'ശബരിമലയും സ്ത്രീകളും' എന്ന പുസ്തകത്തിൽ, ശ്രീ സുനിൽ പി ഇളയിടം എഴുതിയ ലേഖനം ഇതിനെ പൊളിച്ചു പണിയുന്നു: 1951 ലെ പുതുക്കി പണിയലിന് ശേഷമാണ് സ്ത്രീപ്രവേശന വിലക്ക് ഔപചാരികമായി പുറപ്പെടുവിക്കുന്നത്. അതിനു മുൻപ് തിരുവിതാംകൂർ കൊട്ടാരത്തിലെ റാണിമാർ ഉൾപ്പെടെ എത്രയോ പേർ അവിടെ കയറിയിട്ടുണ്ട്. 1951 ഇൽ സ്ത്രീ പ്രവേശനവിലക്ക് വന്നെങ്കിലും പിന്നീട് 40 കൊല്ലത്തോളം അത് കാര്യമായൊന്നും പാലിക്കപ്പെട്ടില്ല. സിനിമ ചിത്രീകരണവും ദേവസ്വം കമ്മീഷ്ണറുടെ ചെറുമകളുടെ ചോറൂണും ഉൾപ്പെടെ എത്രയോ സന്ദർഭങ്ങളിൽ യുവതികൾ നിർബോധം ശബരിമലയിലെത്തി.

ആചാരങ്ങളെ കുറിച്ചുള്ള തർക്കങ്ങൾ ഇവിടെ അവസാനിക്കുന്നില്ല. എല്ലാ ആചാരങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ചർച്ചക്ക് വിധേയമാക്കേതാണ്. മകരവിളക്ക് കൊളുത്താനും നെയ്യഭിഷേകം നടത്താനും മലയരയന്മാർക്ക് ഉണ്ടായിരുന്ന അവകാശം, വെടിവഴിപാടിന്റെ നടത്തിപ്പിന് ഈഴവ കുടുംബത്തിനുണ്ടായിരുന്ന അവകാശം, ഇതൊക്കെ കാലാന്തരത്തിൽ സവർണവിഭാഗക്കാർ കയ്യേറുകയാണ് ചെയ്തത്. എന്നാൽ ഇതൊന്നും ആചാര ലംഘന മായി ആർക്കും തോന്നിയതേയില്ല. അതുകൊണ്ടു തന്നെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട ആചാരാലംഘന സംബന്ധിയായ ചർച്ചകളെ കാര്യമായി പരിഗണിക്കേണ്ടതില്ല.

അവസാനമായി ശബരിമല എപ്രകാരമാണ് കേരളത്തിന്റെ രാഷ്ട്രീയത്തെ സ്വാധീനിച്ചതെന്നു പരിശോധിക്കാം. കോടതിവിധി വന്ന ഉടനെ കേരളസർക്കാർ ഈ വിധിയെ സ്വാഗതം ചെയ്യുകയുണ്ടായി (2006 ൽ ആണ് 5 സ്ത്രീകൾ ഈ കേസ് ഫയൽ ചെയ്യുന്നത്. 2008 ൽ അന്നത്തെ ഇടതുപക്ഷ ഗവണ്മെന്റ് സ്ത്രീപ്രവേശനത്തെ അനുകൂലിക്കുകയും എന്നാൽ ശബരിമലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചു ഒരു കമ്മിറ്റി രൂപീകരിക്കുകയും അതുവഴി അന്വേഷണം മുന്നോട്ട് കൊണ്ടുപോകണമെന്ന നിർദ്ദേശം വക്കുകയുമാണുായത്. എന്നാൽ 2011 ൽ വന്ന UDF ഗവണ്മെന്റ് സ്ത്രീപ്രവേനത്തെ എതിർത്തു കൊണ്ടുള്ള affidavit സമർപ്പിക്കുകയുണ്ടായി. വീണ്ടും 2016ൽ ഭരണം മാറുകയും ഇടതു സർക്കാർ 2008 ലെ affi-

**davit** നെ പിന്താങ്ങുകയും ചെയ്തു. ഈ വിഷയത്തിൽ കോടതിയാണ് കമ്മിഷൻ രൂപികരണത്തെ നിരാകരിച്ചത്.) എന്നാൽ **UDF** നിലപാട് തീർത്തും പ്രതിലോമകരമായിരുന്നു. ഈ വിഷയത്തിൽ പ്രതികരിച്ച ശ്രീ സുധാകരൻ സ്ത്രീ പ്രവേശനത്തെ എതിർക്കുകയും ആർത്തവം ആശുദ്ധമാണെന്ന് പത്ര സമ്മേളനത്തിൽ യാതൊരു സങ്കോചവും ഇല്ലാതെ പറയുകയും ചെയ്തു. ലിബറൽ ഇന്റലക്ച്വൽ എന്ന് സ്വയം വിശേഷിപ്പിച്ച ശശി തരൂർ ഈ വിഷയത്തിന്റെ സാഹചര്യത്തിൽ തന്റെ പുതിയ പുസ്തകമായ **paradoxical prime minister**ന്റെ പ്രചരണാർത്ഥം **floccinaucinihilipilification** എന്ന വാക്കുകൊണ്ട് ചർച്ചകളിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുകയും, പിന്നീടുള്ള നിലപാടുകളിൽ താൻ ഒരു തികഞ്ഞ **UDF** അനുഭവിയാണെന്ന് തെളിയിക്കുകയും ചെയ്തു.

**UDF** നെക്കാൾ ഉപരി ഹിന്ദുത്വ പാർട്ടികളുടെ കളിയിടമായിരുന്നു ശബരിമല. ശബരിമല കർമ്മ സമിതിയുടെ ബാന്നറിൽ, വിശ്വാസ സംരക്ഷണാർത്ഥം തീർത്തും സാമൂഹ്യവിരുദ്ധമായ ഗുണ്ടായിസം അഴിച്ചു വിടുകകയായിരുന്നു ബിജെപിയും ബിജെപി അനുഭാവികളും. 2019 ലെ ലോക്സഭ ഇലക്ഷന്റെ വോട്ട് മാർക്കറ്റ് ആയി ശബരിമല വേഗം മാറിയെന്ന് പറയാം. പുതുനവോത്ഥാന ചുവടായി കാണേണ്ടിയിരുന്ന ശബരിമല സ്ത്രീ പ്രവേശനം, കേരള സമൂഹത്തെ ആകെ പിടിച്ചുലക്കുന്ന അനീതിയായി പ്രത്യക്ഷത്തിൽ പ്രശ്നവത്കരിക്കുകയും അതുവഴി മൃദുഹിന്ദുത്വ വികാരം കേരളത്തിന്റെ മതനിരപേക്ഷതക്കു മുന്നിൽ വെല്ലുവിളിയായി ഉയർത്തി നിർത്തുകയുമായിരുന്നു വർഗീയ കക്ഷികളുടെ ഉദ്ദേശം. ആദ്യ ഘട്ടങ്ങളിൽ സ്വാഗതാർഹമായ നിലപാടായിരുന്നു **RSS** ഉം മറ്റു സംഘപരിവാർ സംഘടനകളും സ്വീകരിച്ചു പോന്നത്. എന്നാൽ കേരളത്തിൽ അക്കൗണ്ട് തുടങ്ങുക എന്ന തീർത്തും സങ്കുചിതമായ അവസരവാദത്തിന്റെ വക്താക്കളായി പരിവർത്തനപ്പെട്ടെന്നു തന്നെ പറയേണ്ടി വരും. ഹർത്താലും അക്രമവും ഭീഷണിയും ചാനൽ ചർച്ചകളും ട്രോളുകളും അതി ഗംഭീരമായി തന്നെ അവസാനിച്ചു. ഇടതുപക്ഷ സർക്കാരിന്റെ ഉറച്ച നിലപാട് മറ്റെല്ലാ പ്രതിലോമ തരംഗങ്ങളെയും ചെറുത്ത് നില്ക്കാൻ പോന്നതായിരുന്നു. കേരളത്തിൽ ആദ്യമായി **Jan** 1നു കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 620 **km** വനിതാ മതിൽ രൂപീകരിച്ചു കേരളത്തിലെ ചിന്തിക്കുന്ന വനിതാ സമൂഹം ഇന്ത്യൻ **constitution** ന് ഒപ്പം നിന്നു. **Jan 2** ന് എല്ലാ പിന്തിരിപ്പൻ കോലാഹലങ്ങളെയും മറികടന്നു കൊണ്ട് 2 യുവതികൾ ശബരിമല നടയിലെത്തി.

ആചാരം വിചാരം സംസ്കാരം ദൈവം ബ്രഹ്മചര്യം എന്നതിനെല്ലാം അപ്പുറം ഭരണഘടന രാഷ്ട്രം സമത്വം തുല്യനീതി എന്നിവയായിരുന്നു ചർച്ചയാകേണ്ടിയിരുന്നത്. ഭരണഘടനയെ പോലും വെല്ലു വിളിച്ചു കൊണ്ട് സമൂഹത്തിന്റെ ചില തട്ടുകൾ അധികാരം മോഹിച്ചെത്തുമ്പോൾ കാലാകാലങ്ങളായി ചൂഷണം സഹിക്കേണ്ടി വന്ന, മറ്റൊരു സമൂഹം വീണ്ടും അറിയാതെ തന്നെ അവരുടെ പാദസേവകരായി മാറുന്നു.

ശബരിമല ഒരു ചോദ്യചിഹ്നം തന്നെ ആയിരുന്നു. ഒരുപക്ഷെ സമീപകാലത്ത് ലിംഗരാഷ്ട്രീയപരമായും വർഗീയ ധ്രുവീകരണപരമായും വെല്ലുവിളിയുയർത്തിയ മതവാദികളുടെ വജ്രായുധം. എന്നാൽ കേരളത്തിന്റെ ഇടതുപക്ഷ സർക്കാർ മനുഷ്യന്റെ





അന്തസ്സിനും സ്വാഭിമാനത്തിനും ആചാരങ്ങളെക്കാൾ വിലകൽപ്പിച്ച് അതിന്റെ പേരിലുള്ള എല്ലാ ഭവിഷ്യത്തുകളെയും ചങ്കുറപ്പോടെ നേരിടുമെന്ന് ഒറ്റകെട്ടായി തീരുമാനമെടുത്തു മാതൃകയായി. ഈ തീരുമാനങ്ങൾ കാലം ശെരിയെന്നു തെളിയിക്കും.

ധാരാളം മൃതപ്രായമായ ആചാരങ്ങളെ ലംഘിച്ചുകൊണ്ടാണ് പുതിയ കേരളം രൂപപ്പെട്ടത്. കണ്ണാടി പ്രതിഷ്ഠ, വില്ലുവണ്ടിയാത്ര, സതി നിരോധനം, ക്ഷേത്രപ്രവേശനം, വൈക്കം, ഗുരുവായൂർ, പാലിയം സത്യഗ്രഹങ്ങൾ, മാറുമറക്കൽ സമരം, കല്ലുമാല ബഹിഷ്ക്കരെണം, വിധവ വിവാഹം, ബാലികവിവാഹ നിരോധനം, നരബലി നിരോധനം എന്നിവയെല്ലാം ആചാര ലംഘനങ്ങൾ തന്നെയായിരുന്നു. ഇത് മറന്നു പോയിക്കൂടാ.

ഭരണഘടനാ നിലനിൽക്കുന്നിടത്തോളം ഇന്ത്യ മതനിരപേക്ഷമാണ്. സത്യസന്ധമായ നീതിന്യായ വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം നാം എല്ലാം തുല്യരാണ്. ജനാധിപത്യം നിലനിൽക്കുന്നിടത്തോളം നമുക്കെല്ലാം വാക്കുകളുണ്ട് !

## NB:

1) ശ്രീ സുധാകരൻ ഇന്ന് കണ്ണൂർ ങജ ആണ്

2) ആലത്തൂർ MP യായ രമ്യ ഹരിദാസ്,അമ്മൂമ്മയും അമ്മയും പിന്തുടർന്ന ആചാരം തന്നെ താനും പിന്തുടരും എന്ന് പറയുകയുണ്ടായി. വ്യക്തമായ രാഷ്ട്രീയം കൊണ്ട് ശ്രദ്ധിക്കപ്പെടേയിരുന്ന ആലത്തൂർ മണ്ഡലം വെറും പാട്ടുപാടി വിജയിച്ച MP എന്ന നിലയിൽ അവരോട് ഒരു ചോദ്യം:അമ്മൂമ്മയുടെ പിൻഗാമികൾക്ക് എന്തെല്ലാം ആചാരങ്ങലാണ് പിന്തുടരേണ്ടി വന്നിട്ടുള്ളത് ? അതെല്ലാം ഇന്ന് എവിടെ ?

3)ഈ ലേഖനം ലക്ഷ്മി രാജീവ് എഴുതിയ ശബരിമലയും സ്ത്രീകളും എന്ന പുസ്തകത്തോടും ശബരിമല സംബന്ധിച്ച ചർച്ചകളിൽ വന്ന ശ്രീ സുനിൽ പി ഇളയിടത്തോടും, സണ്ണി എം കാപ്പിക്കാട്, രവീന്ദ്രൻ സി, രാഹുൽ ഈശ്വർ, പി കെ സജീവ് എന്നിവരോടും, സത്യാനന്തര രാഷ്ട്രീയം എന്ന വിഷയത്തിൽ ലേഖനകർത്താവിനെ സഹായിച്ച യൂ സി കോളേജ് ഇംഗ്ലീഷ് വിഭാഗം മേധാവി ശ്രീ ഷെറി ജേക്കബ് കെ യോടും അനന്തമായി കടപ്പെട്ടിരിക്കുന്നു.



# ദി ഇൻക്രെഡിബിൾ WCC


വിശാലാ ദാസ്

കെമിസ്ട്രി ബിരുദം


കേരളം വൈരുധ്യങ്ങളുടെ നാടാണ്. പുരോഗമനം എത്ര കണ്ടു വേരുറച്ചാലും പാട്രിയാർക്കൽ വ്യവസ്ഥിതിയിൽ നിന്നുളവാകുന്ന തികഞ്ഞ സ്ത്രീവിരുദ്ധത സമൂഹത്തിൽ പൂപ്പൽ പിടിച്ച് കിടപ്പു്. മലയാള സിനിമയുടെ കാര്യത്തിലും തഥൈവ. അശ്ലീലം ചുവക്കുന്ന തികഞ്ഞ സ്ത്രീവിരുദ്ധ തമാശകൾ, ആറാം തമ്പുരാൻ ടൈപ്പ് സവർണ്ണ ഹീറോയിസം, രഞ്ജി പണിക്കർ രോമാഞ്ചം ഡയലോഗുകൾ ഇങ്ങനെ പൊളിറ്റിക്കൽ കറക്ട്നസ് ബലി വച്ചുകൊണ്ടുള്ള കയ്യടി കച്ചവടവുമായി മാത്രം ഒതുങ്ങിപോയിരുന്നു മലയാള സിനിമ ഈ അടുത്ത് വരെ.

വ്യക്തിത്വമുള്ളൊരു പെണ്ണ് മലയാള സിനിമയിൽ കഥാപാത്രമായി ജനിക്കാൻ തന്നെ കാലങ്ങൾ കുറെ വേണ്ടി വന്നു. കാൽപ്പനികവത്കരിക്കപ്പെട്ട പ്രവണതകളെല്ലാം പുരുഷന്റെ പെണ്ണ്, എന്റെ പെണ്ണ് എന്ന സങ്കൽപ്പങ്ങളെ മുറുകെ പിടിച്ചു തുടങ്ങിയപ്പോൾ സ്ത്രീ വിധേയത്വം നന്മയാക്കപ്പെട്ടു. സ്ത്രീയും പുരുഷനും ട്രാൻസ് മനുഷ്യന്മാരും അടങ്ങുന്ന സമൂഹം വിധേയത്വമുള്ള സ്ത്രീയിൽ, അകാരവടിവുള്ള പെണ്ണിൽ, വെളുത്ത പെണ്ണിൽ, സഖാവിന്റെ പ്രിയ സഖിയിൽ, വാലിട്ടെഴുതിയ കണ്ണിൽ മാത്രം പെണ്ണിനെ കണ്ടു തുടങ്ങി. ജീവിതം സമൂഹം കല സംസ്കാരം എല്ലാം പുരുഷന്റെ മാത്രം ഭാഷ്യമായി. സ്ത്രീ, മുണ്ടശ്ശേരി പറഞ്ഞതുപോലെ, പുരുഷവ്യക്തിത്വത്തിനു പരഭാഗശോഭ നൽകാൻ വേണ്ടി മാത്രമായി.

ഇത്തരം പ്രവണതകൾക്കുത്തരമായാണ് മെയ് 2017 ൽ WCC ആരംഭിച്ചത്. മലയാള സിനിമയും ഇൻഡസ്ട്രിയും ഒരുപോലെ നേരിടുന്ന ലിംഗവ്യത്യാസം ചോദ്യം ചെയ്യുകയായിരുന്നു WCC. മലയാള ഫിലിം ഇൻഡസ്ട്രിയുടെ സംഘടനാ ചരിത്രം പരിശോധിച്ചാൽ രണ്ടു വലിയ ബാന്നറുകൾ : AMMA, FEFKA എന്നിവ ഉയർന്നു കാണാം. WCCക്ക് മുൻപ് വരെ ഈ രു സംഘടനകൾ മലയാള സിനിമയുടെ കുത്തകകളായിരുന്നു. WCCയുടെ സംഘാടനത്തിലൂടെ പാട്രിയാർക്കൽ വ്യവസ്ഥയിൽ നിന്നുയരുന്ന സ്വാഭാവിക മുറുമുറുപ്പും സംഘടനകൾ തമ്മിലുള്ള വൃത്തികെട്ട ഒരുതരം മൽസരവും കണ്ടു തുടങ്ങി. WCC മലയാള സിനിമയുടെ പാട്രിയാർക്കിയെ മാത്രമല്ല കച്ചവട സിനിമയുടെ നിലവാരത്തകർച്ചയേയും

ചർച്ചകൾക്ക് വിധേയമാക്കി.
മലയാള സിനിമയിലെ ഒരു പ്രമുഖ നടിക്കു നേരിടേണ്ടി വന്ന തികച്ചും നിരാശ ജന കമായ ചൂഷണവും അത് തുടർന്നുണ്ടായ അധികാര പ്രശസ്തി മുതലെടുപ്പും WCCയുടെ രൂപീകരണത്തിന് കാരണമായെന്ന് പറയാം. ആര് മലയാള സിനിമയെ നിയന്ത്രിക്കുന്നു എന്ന ചോദ്യം ആവർത്തിച്ചാവർത്തിച്ചു WCC ചോദിക്കുന്നു.

WCC ഒരുപിടി ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കുക ഉണ്ടായി. **Anti Harassment Cell** ന്റെ രൂപീകരണം, സിനിമയിൽ കൂടുതൽ സ്ത്രീ പ്രാതിനിധ്യം, തുല്യ വേദനം, സുരക്ഷിതമായ പ്രവർത്തന സാഹചര്യം തുടങ്ങിയവ.
ഈ പ്രയത്നങ്ങൾക്ക് ശക്തമായ പിന്തുണയുമായി കേരള സർക്കാർ, മലയാള സിനിമയിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ടയേഡ് ജഡ്ജി കെ ഹേമയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം തുടരുന്നു.

മലയാള സിനിമയുടെ ആണ് പെണ്ണ് എന്നീ ഇടങ്ങളെ വേർതിരിച്ചു വച്ചിരുന്ന സമൂഹത്തിനെതിരാണ് ഇത്തരം വിപ്ലവകരമായ ചുടവടുവയ്പ്പുകൾ.
സമൂഹത്തിന്റെ പൊള്ളത്തരങ്ങൾ അൽപ്പം പൊടിപ്പും തൊങ്ങലും അലങ്കാരവും ചേർത്ത് കുഴച്ചു ആഘോഷിക്കുന്ന കാലമായിരുന്നു ഈ അടുത്ത് വരെ മലയാള സിനിമയുടേത്.
പൊളിറ്റിക്കൽ കറക്ട്നസ് എവിടെ എന്ന ചേ ാദ്യത്തിന് വരുന്ന മറുപടികളിൽ ഒന്ന്, സിന ിമ സമൂഹത്തിന്റെ സ്വഭാവം അതേ പടി തുറന്നു കാണിക്കുന്ന ഒന്നാണെന്നാ ണ്. പൊളിറ്റിക്കൽ കറക്ട്നസ് സിനിമയുടെ സ്വഭാവികതയെ ഇല്ലാണ്ടാക്കുമത്രെ.
പൊളിറ്റിക്കൽ കറക്ട്നസ് ജനിക്കുന്നിടത്തു സർഗാത്മകത മരിക്കുന്നു എന്നതും മറ്റൊരു മറുപടി. എന്നാൽ ഈ അടുത്തിറങ്ങിയ കുമ്പളങ്ങി നൈറ്റ്സ് പോലുള്ള സിനിമകൾ പൊളിറ്റിക്കൽ കറക്ട്നെസ്സിലൂടെ സർഗാത്മകമായ ഇടങ്ങളെ വെള്ളിത്തിരയിലേക്ക് സന്നിവേശിപ്പിച്ചു. ഈ ചോദ്യങ്ങൾക്കെല്ലാം മറുപടിയായി സിനിമ സാമൂഹത്തെ സ്വാധീനിക്കുന്നു എന്ന കാര്യത്തിൽ സംശയം ഒന്നുമില്ല.
അങ്ങനെ ഇരിക്കെ സമൂഹത്തിന്റെ കൊള്ളരുതായ്മകൾ വീണ്ടും ആഘോഷമാകുമ്പോൾ സിനിമയിലൂടെ ഉള്ള പരിവർത്തനം വെറും സ്വപ്നമായി മാറുന്നു.
സമൂഹത്തിന്റെ കൊള്ളാരുതായ്മകൾ ആഘോഷമാക്കാതിരിക്കുകയാണ് സിനിമയ്ക്ക് ചെയ്യാൻ കഴിയുന്നത്.
അപ്പോൾ പക്ഷേ താരമൂല്യം ഇടിഞ്ഞു പോവും, തട്ടുപൊളിപ്പൻ ഡയലോഗുകളും, കാമുകിമാരുടെ മാനം കാക്കുന്ന കാമുകരും, ഏട്ടന്റെ കുഞ്ഞി പെങ്ങന്മാരും, കണ്ണീരും കിനാവുമായി കുറെ അമ്മമാരും ഇല്ലാവും.

പരിവർത്തനം എന്നും ആവശ്യമാണ്.
മാറ്റത്തിന്റെ അലകൾ മലയാള സിനിമയ്ക്കും നന്മയാണ്.
പരിവർത്തനം പ്രതീക്ഷയാണ്

WOMEN IN CINEMA COLLECTIVE

# വലിയ ചുവന്ന പൊട്ട്


മുഹ്സീന ഷാജി
സൈക്കോളജി ബിരുദം


' ആ വലിയ ചുവന്ന
പൊട്ടൊന്നെടുക്കുവോ ?'

അവൾ കഴിയുന്നത്ര സൗമ്യതയിൽ ചോദിച്ചു. കടയിൽ ഉണ്ടായിരുന്ന സർവ്വത്രപേരും ചുവന്ന പൊട്ടന്വേഷിക്കുന്ന ആ പരുക്കൻ സ്വരത്തിനെ തിരഞ്ഞു.
അടക്കവും ഒതുക്കവും ഇല്ലാത്ത സ്വരം. അവൾ ചൂളിപ്പോയി.
ടൗണിന്റെ നടുക്ക് സ്ഥിതി ചെയ്യുന്ന ഫാൻസി സ്റ്റോർ, പോരാത്തതിന് കോളേജിന്റെ അടുത്തും.
വളകളും ക്രീമുകളും വാങ്ങുന്നതിനേക്കാൾ കടക്കാരന്റെ ശൃംഗാരച്ചുവയുള്ള വാക്ചാതുരിക്ക് വേണ്ടി കാതോർക്കുന്ന പെൺകൂട്ടങ്ങൾ.
ഒരു മനസുഖം, ചൊറിയിൽ മാന്തുമ്പോൾ കിട്ടുന്നത് പോലെയുള്ളത് .
പെൺകുട്ടികളും ഈ പ്രവർത്തിയിൽ അഗ്രഗണ്യരായിരിക്കുന്നു. പുസ്തകക്കൂട്ടം മാറോടടക്കിപ്പിടിച്ച് , തലകുനിച്ചു നടക്കുമ്പോൾ ആകെ കാണുന്ന പാവാടത്തുമ്പിലും കാൽവിരലുകളിലും ലോകം കാണാൻ വെമ്പുന്ന സർവ ഇന്ദ്രിയങ്ങളെയും കേന്ദ്രീകരിച്ച ആ കാലത്തെ അവളോർത്തു.

'ഈ  പൊട്ടാണോ ചേച്ചി ? '
അവൾ തലയാട്ടി.
ആ പരുക്കൻ സ്വരം കേൾക്കാൻ അയാൾ വെമ്പുന്നതു പോലെ തോന്നി. ഹാൻഡ് ബാഗിൽ നിന്ന് പൈസയെടുക്കാൻ അവൾ കുനിഞ്ഞു. കാര്യമായി തപ്പാൻ മാത്രം ഒന്നുമില്ല.
കുറച്ചുനാളായി വർക്ക് ടൈറ്റാണ്. നേരം തെറ്റിയ നേരമായതുകൊണ്ട് കസ്റ്റമേഴ്സ് കുറവും.



'എല്ലാ അമ്മമാർക്കും ഒന്നാം തീയതി ശമ്പളം കിട്ടുന്നുലോ ?
ചിന്നുവിന്റെ ചോദ്യം കുറച്ചൊന്നുമല്ല ചിരിപ്പിച്ചത്.
തനിക്കും കച്ചവടം കൂടുതൽ ലഭിക്കുക ഒന്നാം തീയതിയാണ്. പൊട്ടുവാങ്ങി അവൾ വെളിയിലിറങ്ങി. ഉടുക്കാനും അഴിക്കാനും എളുപ്പമുള്ള നൈലോൺ സാരിയാണ് ധരിച്ചിരിക്കുന്നത്. ബ്ലൗസിനുള്ളിൽ വീർപ്പുമുട്ടുന്ന വിയർപ്പുചാലുകൾ അവളെ അസ്വസ്ഥയാക്കി. നേരം ഉച്ചയോടടുക്കുന്നു. രാവിലെ ഇറങ്ങാൻ നേരത്തു കഴിച്ച കഞ്ഞി ഈ കൊടുംചൂടിൽ ആവിയായി പോയിരിക്കും. അവൾ നടത്തത്തിന് ധൃതി കൂട്ടി. ബാക്കിയുായിരുന്ന പൈസക്ക് സോഡ കുടിച്ചിട്ട് സ്റ്റാന്റിനുള്ളിലെ വെയ്റ്റിംഗ് റൂമിലേക്കു കയറി.
ഭാഗ്യം അധികമാരുമില്ല.
ഒരു വൃദ്ധയും അവരുടെ കൊച്ചുമോൾ എന്നു തോന്നിക്കുന്ന ഒരു  കുട്ടിയും. വൃദ്ധ അവളുടെ നേർക്ക് ഒരു പുഞ്ചിരി എയ്തു. അവൾ പുറകിലേക്കു തിരിഞ്ഞു നോക്കി തനിക്കാണ് ആ ചിരി എന്ന് ഉറപ്പിച്ചപ്പോൾ ഉള്ളിൽ അകാരണമായ ഭയം പൊങ്ങി.പരിചയമില്ലാത്തവരുടെ ചിരി ഈ കാലത്ത് ഭയപ്പെടുത്തുന്നു. അവരെ പാടെ അവഗണിച്ചതിനുശേഷം അവിടെയുണ്ടായിരുന്ന ടോയ്‌ലെറ്റിലേക്ക് കേറി .മൂക്കു പൊത്തേണ്ടിവന്നു, ചുറ്റും ചെളി ചവിട്ടിയ പാടുകൾക്കുമുകളിൽ ന്യൂസ്പേപ്പറിൽ പൊതിഞ്ഞും പൊതിയാതെയും കിടക്കുന്ന സാനിറ്ററിപാടുകൾ,കുറെ വലിയ ചുവന്ന പൊട്ടുകൾ പോലെ .കാലിൽ ചെളിയാകാതിരിക്കാൻ ശ്രമിച്ചുകൊണ്ട് അവൾ കണ്ണാടിയുടെ അടുത്തേക്കു നീങ്ങി. കണ്ണാടിയുടെ ചുറ്റും കണ്മഷിയുടെയും ലിപ്സ്റ്റിക്കിന്റെയും പാടുകൾ ...അഴിഞ്ഞു നീങ്ങിയ സാരി വൃത്തിയായി ഉടുത്തു, പൗഡറും ലിപ്സ്റ്റിക്കും ആവശ്യത്തിലധികം പൂശി. അവസാനമായി വലിയ ചുവന്ന പൊട്ടും കുത്തി, നിർവൃതിയോടെ അവൾ കണ്ണാടിയിൽ നോക്കി,പുറത്തേക്കിറങ്ങി.ഇത്തവണ പക്ഷെ വൃദ്ധയുടെ സംശയം നിഴലിച്ചു.അവൾക്കത് ഇഷ്ടപ്പെട്ടു. അതാണ് ലോകത്തിന് അവളോടുള്ള സ്ഥായീഭാവം.അവൾ അവരെ നോക്കി നിറഞ്ഞു ചിരിച്ചു. അടുത്തുള്ള പാർക്കിലേക്ക് വച്ചുപിടിച്ചു.സൂര്യൻ നെറുകം തലയിൽ നിൽക്കുന്ന ഈ സമയത്ത് അവിടെ ആരുമുാകില്ലെന്നവൾക്കറിയാം. പക്ഷെ മകൾ വീട്ടിലെത്തുന്ന സമയം വരെ മാത്രമേ അവൾക് ജോലിക്ക് ഇറങ്ങാൻ പറ്റൂ. പാർക്കിലെ ഒഴിഞ്ഞ ബെഞ്ചിൽ അവൾ ഇരുന്നു.നെറ്റിയിൽ നിന്ന് വരുന്ന വിയർപ്പു കണങ്ങൾ പൌഡർ കുത്തിനു മുകളിൽ പറ്റിപ്പിടിച്ചിരിക്കുന്നു.വൈകുനേരം വരെ ആ ഇരിപ്പ് ഇരിക്കേണ്ടിവന്നു.
മടുപ്പ്  തോന്നിയില്ല.കാരണം ചിന്തിച്ചുകൂടാൻ ധാരാളമുായിരുന്നു. വൈകുന്നേരമായപ്പോൾ ദൂരെ നിന്ന്  ഒരു മനുഷ്യൻ നടന്നുവരുന്നത് കണ്ടു.കണ്ടാൽ മാന്യനാണ്,അപ്പോൾ ഇയാൾ തന്നെയായിരിക്കും ഇന്നത്തെ അന്നദാതാവ്.പ്രതിക്ഷിച്ചപോലെ അയാൾ അവളുടെ അടുക്കൽ വന്നിരുന്നു.അയാളുടെ മുഖത്ത് സംശയമുണ്ട്.മുല്ലപ്പൂ ചൂടാറ്റിരുന്നതിനാൽ അവൾ പരിഭവിച്ചു.'എന്താണ് ഇവിടെ ഇരിക്കുന്നത് ?' അന്നദാതാവിന്റെ സ്വരം.'ഇന്നത്തേക്കുള്ള അന്നത്തിനായാണ്.സാറിന് തരാൻ കഴിയുമെങ്കിൽ ഞാൻ ആകുംപോലെ പ്രീതിപെടുത്താം' അയാൾ ഉറക്കെ ചിരിച്ചു. തന്റെ പരുക്കൻ സ്വരത്തേക്കാൾ അയാളെ ആകർഷിച്ചത് തന്റെ മറുപടി ആണെന്ന്

അവൾക്ക് തോന്നി. ഒറ്റ ഡയലോഗിൽ കാര്യം നടത്തിയ അവളെപ്പറ്റി അവൾക്ക് തന്നെ മതിപ്പുതോന്നി.കാരണം അതിനിടയിൽ വരാവുന്ന സംഭാഷണം അർത്ഥശൂന്യമാണെന്ന് കഴിഞ്ഞനാളുകൾ അവളെ പഠിപ്പിച്ചിരുന്നു.പക്ഷെ പ്രശ്നം അതല്ല.ഇപ്പോഴാണ് അയാളുടെ മുഖം വ്യക്തമായി കണ്ടത്. തലേന്ന് ടീവിയിൽ 'മാസാമാസം ചോരചിന്തുന്നവരെ ' ദൈവത്തെ കാണിക്കില്ലെന്ന് വാദിച്ച മഹാന്റെ അതേ മുഖം (അവന്റെ തന്നെ സൃഷ്ടികൾക്ക് അവന്റെ ദർശനം കിട്ടാൻ ശുദ്ധി വേണമത്രേ). ഇന്നലത്തെ ടീവി പരിപാടിയിൽ മാത്രമല്ല കണ്ടിട്ടുള്ളത്. ഇതിലും മുന്നേ ഒരിക്കൽ, ഒരിക്കൽ മാത്രം. രാജീവിന്റെ മൃതദേഹത്തിനരികിൽ ഇരുന്ന് ഞാൻ പൊട്ടിക്കരഞ്ഞപ്പോൾ, തൊട്ടടുത്തിരുന്ന സിന്ദൂരം ശക്തം പോലെ കട്ടപിടിച്ച ആ നിമിഷത്തെ ശപിച്ചുകൊണ്ടിരുന്നപ്പോൾ, അയാൾ വന്നു, റീത്തു വെച്ച്. നിലവിളികൾക്കിടയിൽ ആരുടെയോ അടക്കിപ്പിടിച്ച സ്വരം കേട്ടു. 'വളർത്തിയവർ തന്നെ കൊന്നു തിന്നു '.മുഴുവൻ കേൾക്കാൻ കാത്തുനിന്നില്ല. ആ മഹാൻ ആണ് ഇപ്പോൾ മുന്നിൽ...! ഗേറ്റും സ്ഥലവും ദൈർഘ്യവും ചോദിച്ചു കഴിഞ്ഞു എണീക്കാൻ ഉള്ള ഒരുക്കമാണ്. കൂടെ എഴുന്നേൽക്കാതായപ്പോൾ അയാൾ തിരിഞ്ഞു നോക്കി.അവൾ ആഗ്രഹിക്കുന്ന അവളുടെ സ്വരം പുറത്തേക്ക് വന്നു.

'ഒരു കുഴപ്പമുണ്ട്. എനിക്ക് പീരിയഡ്സ് ആയി ഇരിക്കുകയാണ്, ശുദ്ധിയില്ല, ബുദ്ധിമുട്ടാകുമോ ?

'അയാളൊന്നു ഞെട്ടി, സ്വബോധം കൈവരിച്ചുകൊണ്ട് പറഞ്ഞു 'അതൊക്കെ ഒരു ബുദ്ധിമുട്ടാണോ'.ശരിയാണ്, ഈശ്വര ദർശനത്തിനല്ലേ ശുദ്ധി വേണ്ടു, പിശാചിനെ പ്രാപിക്കാൻ വേണ്ടല്ലോ !! അവൾ എഴുന്നേറ്റ് അയാളെ അനുഗമിച്ചു.





**(BEEP)**
**(BEEP) (BEEP) (BEEP)**
**(BEEP),**
**(BEEP) (BEEP) ! (BEEP) ?**

ഒരു നല്ല ചോദ്യം
എഴുതി വന്നപ്പോ
,അത് സെൻസർ ബോർഡ്
കൊണ്ടോയി.
എന്താലെ ?

# വൈറസ്

വൈശാഖൻ
ബി.കോം

കേരളം നിപ അതിജീവിച്ചതെങ്ങനെ?

1998ൽ മലേഷ്യയിലെ നിപഹ് എന്ന സ്ഥലത്താണ് ഈ രോഗം ആദ്യമായി ഉണ്ടാവുന്നത്.105 മരണമാണ് അവിടെ റെക്കോർഡ് ചെയ്യപ്പെട്ടിട്ടുള്ളത്.വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഫോർ എപിഡെമിക്സിന് സാധ്യത ആയേക്കാവുന്ന രോഗങ്ങളിൽ പെടുത്തിയിരിക്കുന്ന ഒന്നാണ് നിപ വൈറസ്. ഈ നിപ വൈറസ് 2018 മെയ് മാസത്തിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.അന്ന് കേരളം നിപയുടെ ഭീതിയിൽ ഏറെ നാൾ ജീവിച്ചു.പഴംതീനി വവ്വാലുകളിൽ നിന്നാണ് ഇത് പടരുന്നത്.അസിംപ്ട്ടോമാറ്റിക് ഇൻഫെക്ഷൻ അല്ലാതെ റെസ്പിറേറ്ററി ഇൻഫെക്ഷനും എന്സഫലൈറ്റിസ് മുതലായവ ആണ് രോഗലക്ഷണങ്ങൾ.അസുഖം ബാധിച്ചവർക്ക് പനി,ചർദിൽ, തലവേദന,തൊണ്ട വേദന മുതലായവ ഉണ്ടാവുന്നതാണ്. തളർച്ച, തലകറക്കം, അബോധാവസ്ഥ മുതലായവ ആണ് ന്യൂറോളജിക്കൽ സിംപ്ടംസ്.

കേരളത്തിൽ ഇൻഡക്സ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് മെയ് 2ന് കോഴിക്കോട് ഒരു സബ്ഡിവിഷണൽ ഹോസ്പിറ്റലിൽ ആയിരുന്നു. മുഹമ്മദ് സാബിത് എന്നായിരുന്നു രോഗിയുടെ പേര്. അയാളെ പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. അവിടെ വെച്ച് അയാൾ അസുഖത്തിന് കീഴ്പെട്ടു മരണമടഞ്ഞു. ശേഷം അയാളുടെ സഹോദരൻ മുഹമ്മദ് സാലിഹ് പനിയെ തുടർന്ന് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു.അവിടത്തെ ഡോക്ടർമാരാണ് അയാളുടെ സഹോദരന്റേത് പോലെയുള്ള രോഗലക്ഷണങ്ങൾ ആയതിനാൽ നിപ ആണെന്ന് സംശയിച്ചത്.അവർ അയാളുടെ സാമ്പിൾ മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെയിലേക് അയച്ചുകൊടുത്തു.അത് നിപ പോസിറ്റീവ് ആയി സ്ഥിരീകരിച്ചു. അപ്പോഴേക്കും അയാളും മരണത്തിനു കീഴ്പെട്ടു കഴിഞ്ഞിരുന്നു.

സാബിത്തിൽ നിന്ന് മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്ന 16 പേർക്ക് അസുഖം ബാധിച്ചു.ശേഷം 2 പേർക്ക് കൂടി രോഗം ബാധിച്ചു. അങ്ങനെ ബാധിക്കപ്പെട്ടവരുടെ എണ്ണം 18 ആയി ഉയർന്നു.ആദ്യത്തെ ആഴ്ചയിൽ തന്നെ 10 പേർ മരിച്ചു.അതിൽ സാബിതിനെ ആദ്യം ചികിത്സിച്ച ലിനി പുതുശ്ശേരി എന്ന നഴ്സും ഉണ്ടായിരുന്നു.കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്ന സ്ഥലത്താണ് ആദ്യം ഉണ്ടായത്. സമീപത്തുള്ള മലപ്പുറം ജില്ലയിലേക്കും പടർന്നു.ഈ സ്ഥലങ്ങളിൽ ആരോഗ്യ മുന്നറിയിപ്പ് നൽകുകയും ചെയ്തു.

ഔട്ട്ബ്രേക്കിന്റെ സമയത്ത് 2000ത്തിൽപരം ആളുകളെ നിരീക്ഷണത്തിൽ ആക്കി. ഈ രോഗത്തെ പ്രതിരോധിക്കാൻ ക്ലിനിക്കൽ ട്രയൽസ് നടന്നുകൊണ്ടിരിക്കുന്ന M102.4 എന്ന ഹ്യൂമൻ മോണോക്ലോണൽ ആന്റിബോഡി ഓസ്ട്രേലിയയിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ടു.സാബിതിന് ശേഷം 16 പേരുകൂടി രോഗത്തിന് കീഴടങ്ങി മരണപെട്ടു.നിപയുടെ

ഔട്ട്ബ്രേക് തീർന്നതായി 2018 ജൂൺ 10ന് പ്രഖ്യാപിച്ചു.

ഈ ഔട്ട്ബ്രേക് നിയന്ത്രിക്കുന്നതിൽ കെ.കെ.ഷൈലജ ടീച്ചറുടെയും അസിസ്റ്റന്റ് ചീഫ് സെക്രട്ടറി രാജീവ് സദാനന്ദന്റെയും നേതൃത്വത്തിൽ ഉള്ള കേരള ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ ധാരാളം പ്രശംസ പിടിച്ചുപറ്റി.പ്രശംസിച്ചവരിൽ കേരള ഹൈകോടതിയും റോബർട്ട് ഗല്ലോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ വൈറോളജി,ബാലറ്റിമോറും ഉണ്ടായിരുന്നു.

കേരള ഗവണ്മെൻറ് 61 പേർക്ക് ഇൻക്രിമെന്റ് നൽകി ആദരിച്ചു.അതിൽ 4 അസിസ്റ്റന്റ് പ്രൊഫസർസ്, 19 സ്റ്റാഫ് നേഴ്സ്, 7 നഴ്സിംഗ് അസിസ്റ്റന്റ്സ്, 17 ക്ലീനിംഗ് സ്റ്റാഫ്, 4 ഹോസ്പിറ്റൽ അറ്റെൻഡേർസ്,2 ഹെൽത്ത് ഇൻസ്പെക്ടർസ്, 4 സെക്യൂരിറ്റി സ്റ്റാഫ്, 1 പ്ലംബർ, 3 ലാബ് ടെക്നിഷ്യൻസും ഉൾപ്പെട്ടിരുന്നു.കൂടാതെ 12 ജൂനിയർ റസിഡന്റ്സിനും,2 സീനിയർ റസിഡന്റ്സിനും ഗോൾഡ് മെഡൽ നൽകി ആദരിച്ചു.സാബിതിനെ ചികിത്സിച്ച് നിപ ബാധിച്ചു മരണമടഞ്ഞ ലിനി പുതുശ്ശേരിക് സാമൂഹിക സേവനം അനുഷ്ഠിച്ച മികച്ച നഴ്സിനുള്ള പുരസ്കാരം നൽകി ആദരിച്ചു.

മെഡിക്കൽ ഫീൽഡിലും അഡ്മിനിസ്ട്രേഷനിലും ഉള്ള മറ്റ് ആളുകളെയും കേരള ഗവണ്മെന്റ് ആദരിച്ചു.ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തായാലും മാരകവിപത്ത് ആയേക്കാവുന്ന ഈ രോഗത്തെ ചെറുത്ത് നിന്നത് ശ്രി.പിണറായി വിജയൻ മുഖ്യമന്ത്രി ആയിരിക്കുന്ന ഈ ഗവണ്മെന്റും ഇവിടുത്തെ ആളുകളുടെ ഒത്തൊരുമയും സ്നേഹവും സന്മനസുമാണ്.നമ്മൾ എന്ത് പ്രതിസന്ധി ഉണ്ടായാലും നേരിടുകയും അതിജീവിക്കുകയും ചെയ്യുമെന്ന് നാം തെളിയിച്ചു.

2019 ജൂണിൽ 23 വയസുള്ള ഒരു യുവാവിന് നിപ ബാധിച്ചു.എന്നാൽ മറ്റാർക്കും പകരാതെ കൺട്രോൾ ചെയ്യാൻ സാധിച്ചു. നിപ്പയും പ്രളയവും എല്ലാം അതിജീവിച്ച് കേരളം വീണ്ടും മുന്നോട്ട്. കാരണം ഇത് കേരളം ആണ്, നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും.



# സബ്സേ ഖതർനാക്

**ജോബിൻരാജ്**
**സൈക്കോളജി ബിരുദം**

നിത്യയുദ്ധമാണ് ഓരോ ജീവിതവും. നവലിബറൽ നയങ്ങളുടെ കാലത്ത് കർഷകജീവിതങ്ങൾ പ്രത്യേകിച്ചും.

ശക്തമായ കാർഷിക സംസ്കാരവും അതിലും വിപുലമായ കാർഷികജീവന വും അവകാശപെടാവുന്ന നാടാണ് ഇന്ത്യ. ആ ഇന്ത്യയിൽ തന്നെയാണ് ഇന്ന് ലക്ഷക ണക്കിന് കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ഇന്ത്യയിൽ തന്നെയായിരുന്നു കൊളോണി യൽ ചൂഷണം സഹിക്കവയ്യാതെ നെയ്ത്തു തൊഴിലാളികൾ തങ്ങളുടെ തള്ളവിരൽ മുറിച്ചെറിഞ്ഞതും. മണ്ണും മനുഷ്യനും വിയർപ്പും ചേർന്നാണ് ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥക്ക് രൂപമിട്ടത്. ആ സമ്പത്താണ് ഇന്ത്യയെ പൗരണികകാലത്ത് സമ്പന്നമായൊരു ശക്തിയാക്കിയത്. മാർക്കോ പോളോ മുതൽ ഈസ്റ്റ് ഇന്ത്യ കമ്പനി വരെ ഇന്ത്യയെ ലക്ഷ്യം വച്ചതും ഇത് കൊണ്ട് തന്നെ.

അത്യനിവാര്യമായ ഒരു കലഹത്തിന്റെ തുടക്കമാണ് 2018 മാർച്ച് 6 ന് നാസിക്കിൽ ആരംഭിച്ചത്. സർക്കാരിന്റെ ചൂഷക ന യങ്ങൾക്കെതിരെ നാസിക്കിൽ നിന്ന് മുംബൈ മഹാരാജ്യം വരെ മർദ്ദിതകർഷക സമൂഹം നടന്നു പോരാടി. ആത്മഹത്യയല്ല പോരാട്ടമായിരുന്നു അവരുടെ മറുപടി. അവരിൽ പലരും ഇന്നേവരെ ചെരുപ്പിട്ടിരുന്നില്ല. പൊട്ടിയ ചെരുപ്പ് കൂട്ടി കെട്ടി ചിലർ ഈ 200km ദൂരം താണ്ടി. നാടൻ മറാത്തി സംഗീതത്തിന്റെയും വാദ്യോപകരണങ്ങളുടെയും അകമ്പടിയോടെ. പ്രതിദിനം 10ഓളം കർഷകർ ആത്മഹത്യ ചെയ്യുന്ന മഹാരാഷ്ട്രയിലാണ് കർഷകർ all india kiss-an sabhaക്ക് കീഴിൽ സംഘടിച്ചു ശക്തരായത്.

വ്യക്തിപരമല്ലായിരുന്നു അവരുടെ പ്രശ്നങ്ങൾ. അതൊരു വർഗത്തിന്റെ മുഴുവൻ പ്രശ്നമായിരുന്നു. ചൂഷണത്തി നിരയാകുന്നു എന്ന തിരിച്ചറിവായിരുന്നു. പട്ടിണി, കടം, നഷ്ടം, ഭൂമി കൈയേറ്റം, വിളനാശം തുടങ്ങി ഒട്ടേറെ കാരണങ്ങൾ.

ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനത്തെ എടുത്തു കുലുക്കുവാൻ മാത്രം ശക്തമായിരുന്നു അവരുടെ ഈ പോരാട്ടം. രാഷ്ട്രത്തിന്റെ സമ്പന്ന ഇടങ്ങളിൽ സ്ഥാനമില്ലാത്തവർ, മുംബൈ നഗരത്തിന്റെ കോർപ്പറേറ്റ് ഛായക്ക് അപവാദമാകുന്നവർ, ആ വലിയ നഗരത്തെ ചുവപ്പണിയിച്ചു. പ്രതിഷേധത്തിന്റെ, വിപ്ലവത്തിന്റെ, സമൂഹത്തിൽ പുപ്പൽ പിടിച്ച് കിടക്കുന്ന അനീതിക്കെതിരെ പാടുന്ന ഓരോ പാട്ടിന്റെയും ചുവപ്പ്! അനിവാര്യമായി

സംഭവിക്കേണ്ടത് സ്വാഭാവികമായി ജനിക്കുമ്പോൾ മറ്റെല്ലാ കൃത്രിമ വ്യവസ്ഥകൾക്കും മുട്ട് മടക്കേണ്ടി വരും.

കർഷക ആത്മഹത്യ മിത്തല്ല,വ്യക്തിപരവുമല്ല. അത് രാജ്യം നേരിടുന്ന പ്രതിസന്ധിയുടെ ചോദ്യമാണ്.

കാർഷിക കടങ്ങൾ എഴുതിതള്ളുക, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, കാർഷിക വിളകൾക്കു ന്യായമായ താങ്ങു വില ഉറപ്പുവരുത്തുക, വനാവകാശനിയമം കർശനമായി പാലിക്കുക, തരിശുഭൂമി
കർഷകർക്ക് കൃഷിചെയ്യാനായി നൽകുക, കർഷക പെൻഷൻ വർധിപ്പിക്കുക, പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക, പ്രകൃതിക്ഷോഭങ്ങളുടെ ഫലമായ കൃഷി നാശത്തിനു നഷ്ടപരിഹാരം ഉറപ്പു വരുത്തുക തുടങ്ങിയവയായിരുന്നു അവരുടെ ആവശ്യങ്ങൾ. ഈ ആവശ്യങ്ങൾക്ക് മുന്നിൽ ഭരണകൂടം സ്വാർത്ഥ താൽപ്പര്യങ്ങൾക്ക് മുട്ടുമടക്കുക അല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല. മാർച്ച് 12 ന് ദേവേന്ദ്ര ഫഡ്നാവിസ്നു കീഴിലുള്ള മഹാരാഷ്ട്ര ഗവണ്മെന്റ് കർഷകരുടെ ആവശ്യങ്ങൾ എല്ലാം അംഗീകരിക്കാൻ തയ്യാറായി.അതോടെ 6 ദിവസം നീണ്ടു നിന്ന കിസാൻ ലോങ്ങ് മാർച്ച് വിജയകരമായി അവസാനിച്ചു.

കൊളോണിയൽ കാലഘട്ടത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഫാക്ടറികൾ മുലയൂട്ടുക മാത്രമായിരുന്നു ഇന്ത്യൻ കാർഷിക വ്യവസ്ഥ.അതിന്റെ പ്രത്യാഘാതങ്ങൾ ഒരുതരത്തിലും ചെറുതല്ല. കൊളോണിയൽ വ്യവസ്ഥ കീറി മുറിച്ചെറിഞ്ഞ ഒരു സാമ്പത്തിക വ്യവസ്ഥയെയാണ് നെഹ്റു ഏറ്റെടുത്തത്. 1960 കളിലെ കാർഷിക വിപ്ലവം ഇന്ത്യൻ കാർഷിക രംഗത്ത് കൊണ്ടുവന്ന മാറ്റങ്ങൾ വലുതായിരുന്നു. എന്നാൽ പഞ്ചാബ് മുതലായ കാർഷിക വിപ്ലവ സംസ്ഥാനങ്ങളിൽ ഒരുതരത്തിലും ഭൂബന്ധങ്ങളിൽ പരിവർത്തനം കൊണ്ടുവരാതെ ആയിരുന്നു പുത്തൻ വിത്തുകളുടേയും രാസവളങ്ങളുടെയും കീടനാശിനികളുടെയും കടന്നുവരവ്. രണ്ടാംലോകമഹാ യുദ്ധത്തിന് ശേഷം അമേരിക്കൻ മൂലധനം ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ച മേഖലയായിരുന്നു രാസവള ഉത്പാദന മേഖല. അമേരിക്കൻ മൂലധനത്തിന്റെ വിപണി മാത്രമാണ് 1960കളിലെ ഇന്ത്യൻ കാർഷിക വ്യവസ്ഥ എന്ന് മനസിലാക്കാം. തീർച്ചയായും കാർഷിക വിപ്ലവാനന്തരം ഇന്ത്യ ആഗ്രഹിച്ച ഒരു ഉത്പാദന കുതിപ്പ് കൈവരിക്കുവാൻ സാധിച്ചെങ്കിലും കർഷകരുടെ ഇടയിൽ തന്നെ ഒരു വലിയ തിരിവിന് അത് കാരണമായി. സമ്പന്നർ കുറെ കൂടി സമ്പന്നരും ദരിദ്രർ കൂറേ ഏറെ ദരിദ്രരും ആയിതീർന്നു. ഗ്രീൻ റവൊല്യൂഷന്റെ ലക്ഷ്യങ്ങളിൽ ഒന്നായ സ്വയം പര്യാപ്തത കുറെ ഒക്കെ കൈവരിച്ചെന്നു പറയാമെങ്കിലും ഇന്ത്യൻ കാർഷിക വ്യവസ്ഥ ഹൈബ്രിഡ് വിത്തുകളുടെയും രാസകീട നാശിനികളുടെയും ലഹരിയിലാ യി.ഉത്പാദന ചിലവും കൃഷിയിൽ നിന്നുള്ള വരുമാനവും തമ്മിലുള്ള അന്തരം ഭീമമായി വർധിച്ചു തുടങ്ങി. കർഷകർ കൊള്ള പലിശക്കാരുടെ കയ്യിലായി. കാർഷിക വിപ്ലവത്തിനു പേര് കേട്ട സംസ്ഥാനങ്ങളിലാ ണ് ഏറ്റവും ശക്തമായ കർഷക സംഘടന കൾ ഉയർന്നു വന്നത് എന്നത് ശ്രദ്ധേയമാ ണ്. 1990 കളിൽ ഉദാരവത്കരണ നയങ്ങൾ കാർഷിക വ്യവസ്ഥയെ സാരമായി തന്നെ

ബാധിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം, ഇങ്ങോട്ടു, കർഷകർ പല തരത്തിലുള്ള വിപണികളുടെയും അടിമയാകുകയായിരുന്നു. സ്വാതന്ത്ര്യത്തിനു മുൻപുള്ള വിപണിയുടെ സ്വഭാവം ആയിരുന്നില്ല സ്വാതന്ത്ര്യാനന്തരം. ഒരു രാഷ്ട്രത്തിനു കീഴിൽ, സോഷ്യലിസ്റ്റ് കാഴ്ചപ്പാടിൽ തുടങ്ങിയ സമ്പത്ത് വ്യവസ്ഥക്ക് കീഴിൽ നിന്നാണ് കാർഷിക വ്യവസ്ഥ തുടങ്ങിയത്.അത് പക്ഷെ പെട്ടെന്ന് തന്നെ കോർപ്പറേറ്റ് നയ പെരുപ്പത്തിൽ പെട്ടുപോയെന്നു മാത്രം.



ഗാന്ധിജിയുടേതു പോലുള്ള ഗ്രാമ കേന്ദ്രീകൃത സാമ്പത്തികവിഭാവനകൾ നിലനിന്നിരുന്ന ഭാരതത്തിലാണ് കർഷകർ വിപണികൾക്ക് അടിമയാകുന്നത്.

ഒരാൾ തന്റേതല്ലാത്ത കാരണം കൊണ്ട് ആത്മഹത്യ ചെയ്യുന്നത് പോലെ അത്രയും രൂക്ഷമായ മറ്റൊരു സാഹചര്യം ഒരു സമൂഹത്തിനും വരാനില്ല. 2014ൽ അധികാരത്തിലെത്തിയ മോദി ഗവണ്മെന്റിന്റെ വൻ വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കും എന്നത്. അത് 2014 പൊതുതിരഞ്ഞെടുപ്പിലെ വോട്ട് രാഷ്ട്രീയത്തെ സാരമായി തന്നെ ബാധിച്ച വാഗ്ദാനങ്ങളിൽ ഒന്നാണ്. എന്നാൽ കർഷക ജീവിതങ്ങളെ ഏറ്റവും ദുരിതത്തിലാഴ്ത്തുന്ന നയങ്ങളായിരുന്നു മോദി ഭരണത്തിന്റേത്. കർഷകരുടെ താൽപര്യങ്ങൾ മുതലാളിത്ത താൽപ്പര്യങ്ങൾക്ക് നേർ വിരുദ്ധമാണെന്ന യാഥാർഥ്യം അംഗീകരിക്കാതിരിക്കുന്നിടത്തോളം കർഷക സമരങ്ങൾ ജനിക്കുക തന്നെ ചെയ്യും. ഭീമമായ കോർപ്പറേറ്റ് കടങ്ങൾ എഴുതി തള്ളുകയും കർഷകരുടെ കടങ്ങൾ സംബന്ധിച്ചുള്ള ചർച്ചകളിൽ,കടം എഴുതിതള്ളൽ ബാങ്കുകളുടെ അടിസ്ഥാന സ്വഭാവത്തിനും സാമ്പത്തിക യുക്തിക്കും എതിരാണെന്നുമുള്ള വിടുവായത്തമാണ് ഇന്ത്യയുടെ ഇപ്പോഴത്തെ കാർഷികനയം.

സമൂഹത്തിൽ ഒളിഞ്ഞോ തെളിഞ്ഞോ നിത്യവും കലഹങ്ങളുണ്ട്. നീയോ ഞാനോ അത് കാണുന്നില്ലെങ്കിൽ നമ്മളുള്ള പ്രിവിലേജ് ഇടത്തിന്റെ പോരായ്മ മാത്രമാണ് അത്. വർഗ്ഗങ്ങളുടെ സംഘർഷം കാലാകാലങ്ങളായി നിലനിൽക്കുന്നതാണ്. ഓരോ കാലവും പുതിയ സംഘർഷങ്ങളെ



പെറ്റുകൂട്ടുന്നു. കർഷകവർഗ്ഗ സംഘർഷം ഈ കാലത്തിന്റേത് മാത്രമല്ല, വിപണി, എന്ന് മൂലധന കേന്ദ്രീകൃതമായോ അന്ന് തുടങ്ങിയതാണ്.
കാർഷികവ്യവസ്ഥയുടെ പാനപാത്രമാണ് ക്യാപിറ്റലിസത്തിന്റെ വളർച്ച. ഈ രക്തത്തിൽ പങ്കില്ലെന്ന് പറഞ്ഞു മാറി നിൽക്കാൻ വ്യക്തിത്വമുള്ള ജനതയ്ക്ക് കഴിയില്ലെന്ന് മാത്രം.

ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ വിപത്ത് എന്താണ്? ഏതൊരു കാലഘട്ടത്തിന്റെയും ആപത്ത് എന്താകാം? നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ചൂടും ചൂരും ഉൾക്കൊള്ളുന്ന പാഷ്ന്റെ വാക്കുകളിൽ,ഏറ്റവും വലിയ വിപത്ത്, സബ്സേ ഖതർനാക്, അധ്വാനത്തിന്റെ അപഹരണം ആകുന്നില്ല. അത് അധികാരവർഗ്ഗത്തിന്റെ യുക്തിരഹിതമായ ക്രൂരതയും ആകുന്നില്ല.

ഏറ്റവും വലിയ ആപത്തു ഇരുണ്ട മൗനമാണ്. അനീതിയെ മൗനമായി സഹിക്കുന്നതാണ്. സബ്സെ ഖതർനാക്,

നമ്മുടെ സ്വപ്നങ്ങളുടെ മരണമാണ്!

കടപ്പാട് :
ദേശാഭിമാനി വാരിക, ലക്കം 45,പുസ്തകം 49.
മാധ്യമം വാരിക,ലക്കം 22,പുസ്തകം 17.






മിലീന
ഹിസ്റ്ററി ബിരുദം

ഒരു വലിയ കുന്നിൻ പുറത്ത് ലിംഗങ്ങളില്ലാതെ ജനിച്ചവർ, രണ്ടുപേർ തങ്ങളുടെ പതിവ് സായാഹ്ന ചർച്ചയിലാണ്. അവർ നോക്കുമ്പോൾ താഴെ താഴ്‌വാരത്ത് മനുഷ്യർ ജീവിക്കുന്നത് മുഴുവൻ അവരുടെ കാലുകൾക്കിടയിലാണ്. കാലുകൾക്കിടയിൽ ശൂന്യമായ ഇവർക്ക് ഇതൊന്നും പിടികിട്ടിയിരുന്നില്ല.

അവർ കാണുന്ന ഈ വലിയ ഭൂമി തുണ്ടം തുണ്ടമായി പലരും സ്വന്തമാക്കി കഴിഞ്ഞു. ഭൂമി കൂടുതൽ കൂടുതൽ മനുഷ്യന്റേതാകുമ്പോൾ 'ഭൂമിയുടെ അവകാശികൾ' ബഷീറിന്റെ മാത്രം സ്വത്വാന്വേഷണമാകുന്നു. ഇനി ഈ പാവം മനുഷ്യരുടെ കൊച്ചു ലോകത്തേക്ക് അരിച്ചിറങ്ങിയാൽ സമൂഹം പുരുഷന്റേതാണെന്ന് മാത്രം: സ്ത്രീ അവന്റെ ഭോഗവസ്തു, പാരമ്പര്യം നിലനിർത്തേണ്ടവൾ, അകത്തമ്മ, വിശ്വാമിത്രന്റെ തപസ്സിളക്കിയ മേനക, ഒരു കണ്ണുനീർതുള്ളി, കറുകറുത്ത പെണ്ണ് കടഞ്ഞെടുത്ത മെയ്യ്! സ്ഥലവും കാലവും ഇതിന് അപവാദമായി പിറക്കുന്നതിൽ ആശ്വാസം കണ്ടെത്തേണ്ടതാണ്. എന്നാൽ തുല്യനീതിയുടെ രീതിശാസ്ത്രങ്ങൾ ലിംഗ രാഷ്ട്രീയത്തിൽ ദ്വന്ദവത്കരിക്കപ്പെടുമ്പോൾ നമ്മുടെ ലോകം പുരുഷന്റേയും സ്ത്രീയുടേയും മാത്രമാകുന്നു.

ഫെയറി ടെയ്ൽസിന്റെ രാഷ്ട്രീയം ചോദ്യം ചെയ്യാൻ നാം ഏറെക്കുറേ പഠിച്ച് കഴിഞ്ഞു. സുമുഖനായ രാജകുമാരന്റെ വിവാഹാഭ്യർത്ഥനയിൽ സന്തോഷം കണ്ടെത്തുന്നില്ല ഇന്നത്തെ സിൻഡ്രല്ല. എന്നാൽ ഫെയറി ടെയ്ൽസും ചിത്രകഥാ പുസ്തകങ്ങളിലും, കാർട്ടൂൺകളിലും: ബാല്യം തുടങ്ങുമ്പോൾ തന്നെ പുരുഷനും സ്ത്രീയും മാത്രമാകപ്പെടുന്നു എന്നുള്ളതാണ്.

സെക്സ് ബയോളജിക്കലും ജെണ്ടർ പെർഫോർമെൻസും ആണെന്നിരിക്കെ ജെണ്ടർ സെക്സിന്റെ പെർഫോർമെൻസ് അല്ല എന്ന് വരുമ്പോൾ, അവിടെ പ്രശ്നമാകുന്നു. അടിസ്ഥാനപരമായി ലൈംഗികതയെ ഒരേ സമയം പുണ്യവത്കരിച്ചിരിക്കുന്നതും അശ്ലീലവത്കരിച്ചിരിക്കുന്നതും പ്രജനനം

അനിവാര്യമാണ് എന്ന വിശ്വാസമാണ്. പുത്രജന്മം പ്രാപ്തമാക്കാത്ത എല്ലാ പെർഫോർമെൻസും അങ്ങനെ നിഷിധമാകുന്നു. ട്രാൻസ്ജെൻഡേർസും ഇന്റർസെക്സും ട്രാൻസ് സെക്ഷ്വൽസും സമൂഹത്തിന് പുറത്ത് നിൽക്കുന്നതും ഇതുകൊണ്ട് തന്നെ. മതപ്രമാണങ്ങളിൽ ജനിക്കുന്ന സദാചാരബോധം, വ്യത്യസ്തമായതിനെ അന്വവത്ക്കരിക്കാനുള്ള ആഘോഷ പ്രയത്നം, ഇതിനെല്ലാം പുറമേ ആണോ പെണ്ണോ ആയിരിക്കണമെന്ന ശാസ്യങ്ങളിൽ പെറ്റ് വീഴുന്ന പരിഹാസം..! ഇത്രയും ആകുമ്പോഴേക്കും മലയാളിയുടെ ജെണ്ടർ ഹൈറാർക്കിയിൽ മൂന്നാം ലിംഗമാകുന്നവർക്ക് സുഖജീവിതം, സുദിനം, ശുഭം!

ഇരുണ്ടകാലത്തെകുറിച്ചും പാട്ടുകൾ ഉണ്ടാകുമെന്ന് ബ്രെഹ്റ്റ് പാടിയത് അമ്പതിനായിരത്തോളം വരുന്ന, സഖാക്കൾ ഇഖ്ബാൽ ബാനോയുടെ 'ഹം ദേഖേംഗേ'ക്ക് മറുപടി നൽകിയ ഇക്വിലാബ്കളെ കൂടി ഓർത്തായിരിക്കണം. സ്ഥലവും കാലവും ഒത്തിണങ്ങില്ലെങ്കിൽ കൂടി നമുക്കങ്ങനെ വിചാരിക്കാമല്ലോ.

**In the dark times**
**Will there also be singing**
**Yes there will be singing**
**About the dark times.**

ഇരുണ്ടകാലത്തിന്റെ പാട്ടുകൾ അതി ജീവനത്തിന്റേത് കൂടിയാണ്.

ഗേ ആണെന്ന് സ്വയം തുറന്ന് പറഞ്ഞ് ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പ് നേ രിട്ട ഹാർവി മിൽക്ക്!



ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ
പൊലീസ് ഓഫീസർ പ്രിതിക യാശിനി !
കൊച്ചി മെട്രോയിലെ ട്രാൻസ്ജെൻർ
സംവരണം! പ്രിൻസ് ജോൺ സംവിധാനം
ചെയ്ത ഏക..! കൊച്ചിയിലും
തിരുവനന്തപുരത്തും അലയടിക്കുന്ന
പ്രൈഡ് മാർച്ചുകൾ..
ജനനത്തിന്റെ പേരിൽ ക്രൂശിക്കപ്പെടുന്ന
വിഭാഗങ്ങളുടേത് ചരിത്രത്തിലില്ലാത്ത
വേവലാതികളുടെ കഥയായിരിക്കാം.
എന്നാൽ ചൂഷണം മാത്രമല്ല
അതിജീവനവും കഥയാകേണ്ടതാണ്.
കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ
എറണാകുളത്ത് നിന്നും മത്സരിച്ച ആദ്യ
ഇന്റർസെക്സ് സ്ഥാനാർത്ഥി ചിഞ്ചു
അശ്വതിയും, ഒരുപാട് ഒരുപാട് കവിതകൾ
എഴുതുന്ന പ്രിയപ്പെട്ട
വിജയരാജമല്ലികയും,
സൂപ്പർ ഡീലക്സ്-ലെ രാസകുട്ടിയും,
പേരൻപിലെ മീരയും, മുംബൈയിലെ
ലോക്കൽ ട്രെയിനിൽ എന്നും
എനിക്ക് വേണ്ടി മാത്രം ചിരിച്ചിരുന്ന
ആ അക്കയും: ഓരോരുത്തരും ഇരുണ്ട
കാലത്തിന്റെ പാട്ടുകളാണ്.





തലതിരിഞ്ഞ
എഴുത്തുകൾ തുടരും
ഇനി നിങ്ങളൊന്ന്
ചിന്തിച്ചു നോക്കു
ഈ ചോദ്യങ്ങൾ
മനസ്സിലാക്കുവാൻ
തലതിരിക്കേണ്ട
ആവശ്യമുണ്ടായിരുന്നോ

# Humans of UC








വെള്ളമിറങ്ങിയിരിക്കുന്നു.
വിടപറയും മുൻപ് തിരിഞ്ഞൊന്ന് നോക്കി.
ഇവിടം എനിക്ക് അഭയം മാത്രമായിരുന്നില്ല
അതിജീവിക്കാൻ കൂടെ കൂടിയ ഗൂസി എന്നും മനസ്സിലുണ്ടാവും.
ഈ സമൂഹത്തിനെ കാലങ്ങളായി അതിജീവനത്തിന്റെ പാഠം പഠിപ്പിച്ചു കൊടുക്കുന്ന
ഇവിടുത്തെ കലാലയങ്ങൾ..


ഗേറ്റ് ലക്ഷ്യമാക്കി നടക്കുന്നതിനിടെ
മണ്ണില് എന്തോ തിളക്കം ശ്രദ്ധയിൽ പെട്ടു.




പണ്ടെപ്പോഴോ ആടി തിമിർത്തൊരു തെയ്യത്തിന്റെ കാൽ ചിലങ്കയിൽ നിന്നും അടർന്നു
പോലൊരു മണിയായിരുന്നു അത്.
ഒരു പക്ഷെ പിരിഞ്ഞു പോവുന്ന എന്നെ ഈ ക്യാംപസ് അനുഗ്രഹിക്കുന്നതായിരിക്കാം.





എന്തിനും ഏതിനും ഭയപ്പെട്ടു കഴിയേണ്ട അവസ്ഥയാണ്.

ഭയങ്ങൾ ചേർന്ന് മുക്കികൊല്ലും മുൻപ് നമുക്കൊരു പേടകം പണിയണം. ഇവിടെ എത്രത്തോളം പേരുണ്ടോ അത്രത്തോളം പോന്നൊരു പേടകം.
മുക്കികൊല്ലാനുള്ള ഭയത്തിന്റെ ശ്രമത്തെ തോൽപ്പിച്ചതിന് ശേഷം ഈ മാഗസിൻ എറിഞ്ഞു കളയണം.
ഭയത്തെ അതിജീവിച്ച ലോകത്ത് ഇത് അപ്രസക്തമാണ്.

ഒരു നാൾ എന്റെ മാഗസിന്റെ പ്രസക്തി
നഷ്ടപ്പെടുമെന്ന പ്രതീക്ഷയോടെ,

– സിദ്ധാർത്ഥ് മാധവ്




ഭയം ലോകം ഭരിക്കുന്ന ഫാസിസ്റ്റാണെങ്കിൽ
അതിജീവനമൊരു വിപ്ലവകാരിയാണ്.
എന്നും അതിജീവനമെന്ന വിപ്ലവകാരി ഭയത്തെ
വേട്ടയാടിക്കൊണ്ടിരിക്കും.
വിപ്ലവം വിജയിക്കട്ടെ.

